# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-8/179/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-8/179/2023 തീയ്യതി: 29/03/2023

## ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ . സാബു . പി , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി . രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി . സജിത | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| സതീശൻ | | | |
| ശ്രീമതി . ജയന്തി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 05-04-2021 |
| ശ്രീ . ജെനി മോൻ എസ് | സെക്രട്ടറി | 06-04-2021 | 22-06-2021 |
| ശ്രീമതി . ജയന്തി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-06-2021 | 07-07-2021 |
| ശ്രീമതി . നിഷ എൻ തയ്യിൽ | സെക്രട്ടറി | 08-07-2021 | 06-10-2021 |
| ശ്രീമതി . ജയന്തി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-10-2021 | 07-10-2021 |
| ശ്രീ . സാഹിർ കെ എ | സെക്രട്ടറി | 08-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി . ആനി മാത്യു | കൃഷി ഓഫീസർ | 01-04-2021 | 05-05-2021 |
| ശ്രീ. ജഗന്നാഥൻ ബി | കൃഷി ഓഫീസർ | 06-05-2021 | 30-09-2021 |
| ശ്രീമതി. ശ്രീരമ്യ ആർ | കൃഷി ഓഫീസർ | 01-10-2021 | 31-03-2022 |
| ശ്രീമതി. ദീപ എൽ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി . സോന സോണി ജോസഫ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. രതീഷ് ആർ | മെഡിക്കൽ ഓഫീസർ, എഫ് .എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീ . അനുരാജ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസര് | 01-04-2021 | 09-02-2022 |
| ശ്രീമതി .ആശ മോൾ ആന്റണി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസര് | 10-02-2022 | 31-03-2022 |
| ശ്രീമതി . ഷീജ എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ . അനിൽ കുമാർ ബി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ . അഭിലാഷ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 02-11-2021 |
| ശ്രീമതി സീമ എ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 03-11-2021 | 31-03-2022 |
| ശ്രീമതി . സലീല എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി . ജയന്തി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 14-01-2022 |
| ശ്രീമതി . ബീന.പി.എ | അസിസ്റ്റന്റ് സെക്രട്ടറി | 15-01-2022 | 21-01-2022 |

| | | | |
|---|---|---|---|
| ശ്രീ. ഗോപിനാഥൻ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 22-01-2022 | 31-03-2022 |

.

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന - അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | ഓഡിറ്റ് ഇംപാക്റ്റ് | 1-10 |
| 12 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യ്തിടാക്കിയില്ല | 1-11 |
| 13 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 1-12 |
| 14 | വസ്തു നികുതി നിർണയിച്ചതിലെ അപാകതകൾ | 1-13 |
| 15 | പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ – പത്ര പരസ്യം- ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല | 1-14 |
| 16 | പഞ്ചായത്ത് ഓഫീസിൽ ബോർവെൽ നിർമ്മാണം-അധികം തുക നൽകിയ തുക തിരികെ ഈടാക്കിയില്ല- | 1-15 |
| 17 | ബഡ്സ് സ്കൂളിന് കാണ നിർമ്മാണം-അപാകതകൾ- | 1-16 |
| 18 | MGNREGS - മെറ്റീരിയൽ ഉപയോഗിച്ചുള്ള കരാർ പ്രവർത്തികളിൽ നികുതികൾ കുറവ് ചെയ്തില്ല- | 1-17 |
| 19 | MGNREGS - സിമന്റിന് മാർക്കറ്റ് വിലയെക്കാൾ വളരെ ഉയർന്ന നിരക്ക് നൽകി - | 1-18 |
| 20 | MGNREGS - Secure സോഫ്റ്റ്‌വെയർ പ്രകാരം 80mm Thick Cc Paver Block പാകുന്നതിന് PWD നിരക്കിനെക്കാൾ വളരെ ഉയർന്ന നിരക്ക് -ലക്ഷങ്ങളുടെ അധിക ചെലവ്- | 1-19 |
| 21 | ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- കമ്പ്യൂട്ടറുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-20 |
| 22 | ലൈഫ് ജനറൽ- മുൻകൂർ തുക കൈപ്പറ്റി-പ്രവൃത്തി ആരംഭിച്ചില്ല | 1-21 |
| 23 | ഐ.കെ.എം. വിഹിതം-ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-22 |
| 24 | കുടുംബാരോഗ്യകേന്ദ്രം,അനുബന്ധചെലവുകൾ-അപാകതകൾ | 1-23 |

| | | |
|---|---|---|
| 25 | കുടുംബാരോഗ്യകേന്ദ്രം പുന്നപ്ര നോർത്ത്- കോവിഡ് പ്രതിരോധ പ്രവർത്തനം – ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല | 1-24 |
| 26 | പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ – അപാകതകൾ | 1-25 |
| ഭാഗം **2** | | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 2-1 |
| 2 | വസ്തു നികുതി നിർണയിച്ചതിലെ അപാകതകൾ | 2-2 |
| ഭാഗം **3** | | |
| 1 | ബഡ്സ് സ്കൂളിന് കാണ നിർമ്മാണം-അപാകതകൾ- | 3-1 |
| 2 | MGNREGS - മെറ്റീരിയൽ ഉപയോഗിച്ചുള്ള കരാർ പ്രവർത്തികളിൽ നികുതികൾ കുറവ് ചെയ്തില്ല- | 3-2 |
| 3 | കുടുംബാരോഗ്യകേന്ദ്രം,അനുബന്ധചെലവുകൾ - അപാകതകൾ | 3-3 |
| 4 | പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ – പത്ര പരസ്യം- ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 18.02.2021 തീയതിയിലെ 2/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച. 14.03.2022 -ലെ 2/1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

പരിഷ്കരിച്ച ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 24,84,57,607 | 24,58,06,343 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 19,60,66,443 | 19,88,59,042 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 05.07.2022 |

## 1-2-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. എം എൻ ആർ ഇ ജി എസ് ഇനത്തിൽ വാർഷിക കണക്ക് ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരമുള്ള ചെലവ് 60738985/- രൂപയും എം ഐ എസ് റിപ്പോർട്ട് ക്യുമുലേറ്റീവ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള ചെലവ് 60734000/- രൂപയുമാണ്.
2. നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുക എന്ന ഇനത്തിൽ കെ എസ് ഇ ബി – യ്ക്ക് നല്കിയ തുകയുടെ മുൻ ബാക്കി അഡ്വാൻസ് രജിസ്റ്റർ പ്രകാരം 18,96,249/- രൂപയാണ്. വാർഷിക കണക്ക് പ്രകാരം 13,96,489/-രൂപയാണ്.
3. വസ്തുനികുതി ഡിമാന്റ്, കളക്ഷൻ തുകകൾ സഞ്ചയ, വാർഷിക കണക്ക് എന്നിവ യോജിക്കുന്നില്ല.
4. സെൻട്രലി സ്പോൺസേർഡ് സ്കീം – സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ അക്കൌണ്ടിൽ 5,94,554/- ആയി വർഷാരംഭത്തിൽ നിലനില്ക്കുന്നു. ടി അക്കൌണ്ടിലേയ്ക്ക് തൻവർഷം പലിശ ഇനത്തിൽ 8580/-രൂപ വരവുണ്ട്. മറ്റ് വരവോ ചെലവോ ഇല്ല. ടി അക്കൌണ്ടിലെ തുക തിരിച്ചടക്കാതെ കാലങ്ങളായി അക്കൌണ്ടിൽ തുടരുന്നതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തിയും ബാധ്യതയും കൃത്യമാകില്ല.
5. നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയിൽ, തൻവർഷം കെ എസ് ഇ ബി യ്ക്ക് നല്കിയ 165235/- രൂപയുടെ വിനിയോഗ വിവരവും ഭൂജല വകുപ്പിന് നല്കിയ 598000/-രൂപയിൽ രൂപയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടുണ്ട്. ടി തുക തൻവർഷത്തെ ബാലൻസ് ഷീറ്റിൽ (പട്ടിക-B18) തിരിച്ച് കിട്ടാനുള്ളതായി നിലനില്ക്കുന്നു.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/21.01.2023) ന് ലഭ്യമാക്കിയ മറുപടിയിൽ ടി അപാകതയ്ക്കുള്ള കാരണം വ്യക്തമാക്കിയിട്ടുണ്ട്. ആയവ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,99,92,304 |
| വരവ് | 9,09,97,498 |
| ആകെ | 11,09,89,802 |
| ചെലവ് | 9,02,85,071 |
| നീക്കിയിരിപ്പ് | 2,07,04,731 |
| വരവിനങ്ങളിലുള്ള നഷ്ടം | 13216 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 30026 |

| | |
|---|---|
| തടസ്സപ്പെടുത്തിയ തുക | 566244 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ഉറവിടത്തിൽ കുറവ് ചെയ്തത് | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,66,53,931 | 28,23,615 | 1,94,77,546 | 1,93,32,150 | 1,45,396 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 32,70,915 | 74,985 | 33,45,900 | 29,80,123 | 3,65,777 (ലാപ്സായി) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 15,800 | 0 | 15,800 | | 15,800 (ലാപ്സായി) |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 69,75,847 | 0 | 69,75,847 | 56,78,617 | 12,97,230 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 61,97,000 | 0 | 61,97,000 | 54,20,911 | 7,76,089 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | 0 | 1,01,33,739 | 0 | 1,01,33,739 | 75,04,375 | 22,82,855 (ലാപ്സായി) 3,46,509 (Bank) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്) | 0 | 54,46,099 | 0 | 54,46,099 | 43,79,010 (614/-രൂപ ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 277072 (ലാപ്സായി) 7,90,017 (Bank) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 129 | 104705716 | 113 | 66167583 | 19 | 18 | 87.5 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1779 | 1340204 | 1341983 | 1341981 | 2 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 59397004 | 59397004 | 59397004 | 0 |
| ആകെ | 1779 | 60737208 | 60738987 | 60738985 | 2 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,22,520 | 58 |
| കർഷകതൊഴിലാളി പെൻഷൻ | 1,03,19,500 | 6865 |
| വിധവാ പെൻഷൻ | 1,27,33,000 | 8435 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2,47,77,300 | 17247 |
| വികലാംഗ പെൻഷൻ | 59,84,300 | 3900 |
| അവിവാഹിത പെൻഷൻ | 16,27,400 | 1062 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 2,40,000 | 8 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2023 3.15 Pm ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4573/- രൂപ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം ഒരു ഓഫീസിലെ ഫർണിച്ചർ, ബുക്ക്സ് & സ്റ്റേഷനറി, ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം നടത്തുന്ന വകുപ്പുകളിൽ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, തുടങ്ങിയവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഇപ്രകാരം സ്റ്റേഷനറി, കംപ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതിയിട്ടുണ്ടെങ്കിലും, സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ പല ഉപകരണങ്ങളുടെയും വാറന്റിയുടെ വിവരം, ബില്ലിന്റെ വിവരങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല.(ഉദാഹരണം-പേജ് നം.16,17,18,19,56,63 തുടങ്ങിയവ) രേഖപ്പെടുത്തിയ വിവരങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. ആർ ട്രാക്ക് സോഫ്റ്റ്‌വെയറിലൂടെ ആസ്തികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. നിലവിൽ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണമാണ്.

4.കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 153 പ്രകാരം വകുപ്പ് തലവൻ തന്റെ ചുമതലയിലുള്ള സ്റ്റോറിന്റെ മാർച്ച് 31 ലെ സ്ഥിതി വിവരം മെയ് മാസത്തിൽ എടുക്കേണ്ടതും ഉപയോഗശൂന്യമായവ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, ഇതു സംബന്ധിച്ച് റിപ്പോർട്ട് ജൂൺ 15ന് മുമ്പ് മേലധികാരിക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇപ്രകാരം സ്റ്റോക്കെടുപ്പ് നടത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

5. പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL-04-AB-1 എന്ന വാഹനത്തിന്റെ ലോഗ് ബുക്കിൽ ഇന്ധന ഉപയോഗം സംബന്ധിച്ചും, യാത്ര ചെയ്ത ദൂരം സംബന്ധിച്ചുമുള്ള മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. വാഹനത്തിന്റെ ഇന്ധന ക്ഷമതാ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

## 1-10 ഓഡിറ്റ് ഇംപാക്റ്റ്

ലൈസൻസിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ, മാനേജിംഗ് ഡയറക്ടർ, മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ലിമി. നിന്നും ലൈസൻസ് ഫീ 5000/- രൂപ കുറവായി ഈടാക്കിയതായി കാണുന്നു എന്ന് ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/21.01.2023) ലഭ്യമാക്കിയ മറുപടിയോടൊപ്പം കുറവ് വന്ന തുക ഈടാക്കിയതിന്റെ രസീത് (നം.1221100580/24.01.2023) ഹാജരാക്കി.

## 1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്തീടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii) എ (I) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതി നൽകാൻ ബാധ്യസ്ഥനാകും. പഞ്ചായത്തിന്റെ 2021-22 ലെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ, കരാറുകാരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ല.

2021-22 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) കരാറുകാർ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 204(2)എ പ്രകാരം പഞ്ചായത്തിൽ

തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്.

ടി കരാറുകാർ പഞ്ചായത്ത് പരിധിയിൽ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ ടേണോവറിന്റെ അടിസ്ഥാനത്തിൽ ആകണം തൊഴിൽ നികുതി നിശ്ചയിക്കേണ്ടത്. ഈ കരാറുകാർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഇക്കാലയളവിൽ പ്രവൃത്തി ചെയ്യുകയും ആയതിന് അവിടെ തൊഴിൽ നികുതി അടച്ചതായി രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ ആ വിവരം പരിശോധിച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ടി കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/21.01.2023) ലഭ്യമാക്കിയ മറുപടിയിൽ, 2 കരാറുകാർ പുന്നപ്ര തെക്കിൽ തൊഴിൽക്കരം അടച്ചിട്ടുണ്ട്. ആയതിന്റെ രസീത് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും മറ്റുള്ളവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്നുമാണ്.
കരാറുകാരിൽ നിന്നും നിയമാനുസൃതം ലഭിക്കേണ്ട തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനയുടമ സമർപ്പിച്ച അർദ്ധവർഷ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം /അർദ്ധവർഷം | ജീവനക്കാരന്റെ പേര്, തസ്തിക | പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | ജ്യോതി നികേതൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ (രണ്ടാം അർദ്ധവർഷം) | സെൻ കല്ലുപുര, പ്രിൻസിപ്പാൾ | 125000 | 1250 | 750 | 500 |
| 2 | M/s Aparajitha Dynamic Synergies (P) Ltd. (രണ്ടാം അർദ്ധവർഷം) | സുരേഷ് പി എ, ഡ്രൈവർ | 1,35,961 | 1250 | 750 | 500 |
| 3 | " | ഷൈമ, C- Associate | 163,749 | 1250 | 600 | 650 |
| 4 | " | സൌമ്യരാജ് എസ്, C- Associate | 110,027 | 1000 | 750 | 250 |
| 5 | " | അനന്തു, C- Associate | 110,027 | 1000 | 750 | 250 |
| 6 | " | ദീപു തിലകൻ, P- Associate | 52742 | 450 | 300 | 150 |
| 7 | " | റസീന എ, P- Associate | 100000 | 1000 | 450 | 550 |
| 8 | കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, പുന്നപ്ര (രണ്ടാം | രാഖി ജി, Adhoc G P | 138000 | 1250 | 750 | 500 |

| | | | | | | |
|---|---|---|---|---|---|---|
| | അർദ്ധവർഷം) | | | | | |
| 9 | സ്പനന്ദന സ്മാർട്ടി ഫിനാൻഷ്യൽ എൽ റ്റി (രണ്ടാം അർദ്ധവർഷം) | ഗ്ലെൻ കെ ജിപ്സൺ, ട്രെയിനി ക്രഡിറ്റ് അസിസ്റ്റന്റ് | 64420 | 600 | 180 | 420 |
| 10 | അരുൺ പ്ലാസ്റ്റിക്സ്, വാടയ്ക്കൽ (രണ്ടാം അർദ്ധവർഷം) | ഷാജി പി ജേക്കബ്, അൺ സ്കിൽഡ് ലേബർ | 125807 | 1250 | 1000 | 250 |
| 11 | ഈസ്റ്റ് വെന്നീസ് ഓട്ടോസ് (ഒന്നാം അർദ്ധവർഷം) | സീന ബി, മാനേജർ | 72000 | 600 | 450 | 150 |
| 12 | " | വിദ്യ, സി ഡി എം എസ് | 39000 | 300 | 180 | 120 |
| 13 | " | പ്രസന്ന, സെയിൽസ് അസിസ്റ്റന്റ് | 40500 | 300 | 180 | 120 |
| 14 | " | വൈശാഖ്, എക്സിക്യൂട്ടീവ് | 40500 | 300 | 180 | 120 |
| 15 | ഈസ്റ്റ് വെന്നീസ് ഓട്ടോസ് (രണ്ടാം അർദ്ധവർഷം) | സീന ബി, മാനേജർ | 72000 | 600 | 450 | 150 |
| 16 | " | വിദ്യ, സി ഡി എം എസ് | 39000 | 300 | 180 | 120 |
| 17 | " | പ്രസന്ന, സെയിൽസ് അസിസ്റ്റന്റ് | 40500 | 300 | 180 | 120 |
| 18 | TIRAS ഡിസ്ട്രിബ്യൂട്ടേഴ്സ്, (ഒന്നാം അർദ്ധവർഷം) | രാകേന്ദു, അക്കൌണ്ടന്റ് | 48000 | 450 | 300 | 150 |
| 19 | " | മായുഷ് സെയിൽസ് എക്സിക്യൂട്ടീവ് | 48000 | 450 | 300 | 150 |
| 20 | ജ്യോതി നികേതൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ (ഒന്നാം അർദ്ധവർഷം) | സെൻ കല്ലുപ്പുര, പ്രിൻസിപ്പാൾ | 125000 | 1250 | 1000 | 250 |
| | ആകെ | | | | | 5470 |

2.ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന നികുതി പൂർണ്ണമായും

ഒടുക്കിയിട്ടില്ല.

| സ്ഥാപനം | അടയ്ക്കാത്ത അർദ്ധവർഷം അടച്ച തുക | അടയ്ക്കേണ്ട തുക |
|---|---|---|
| പറവൂർ സർവീസ് കോപ്പറേറ്റീവ് സൊസൈറ്റി | 2 | 1250 |
| New Oppertunity Consultancy (Pvt) Ltd. | 1 | 1250 |
| ഹെർകുലീസ് (നെക്സ്) | 1 | 1250 |
| ആകെ | | 3750 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/21.01.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, കുറവ് വന്ന തുക (9220/-രൂപ) തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി നിർണയിച്ചതിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 ൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും വിശദമാക്കുന്നു. ടി ചട്ടത്തിലെ പട്ടിക-2 കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് അടിസ്ഥാന വസ്തുനികുതിയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുന്നു. 5 മീറ്ററോ അതിൽ കൂടുതലോ പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവും 1.5 മീറ്ററിൽ താഴെയുള്ള വഴി സൗകര്യമുള്ള കെട്ടിടങ്ങൾക്കും പൊതുവായ വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്കും യഥാക്രമം 10, 20 ശതമാനം ഇളവുകളും നിർദ്ദേശിക്കുന്നുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്ററിൽ താഴെവരെ വഴിസൗകര്യത്തിന് ഇളവുകളോ വർദ്ധനവോ ഇല്ല.

എന്നാൽ, പരിശോധനയിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള വഴി സൗകര്യത്തിൽ നിന്നും വ്യത്യസ്തമായ രീതിയിൽ സഞ്ചയയിൽ വഴി സൗകര്യം രേഖപ്പെടുത്തുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം അഞ്ച് മീറ്ററിലധികം വിസ്തൃതിയുള്ള വഴി സൗകര്യം ഉണ്ടായിരുന്നിട്ടും അടിസ്ഥാന വസ്തുനികുതിയിൽ ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്താത്ത കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം /വിസ്തീർണ്ണം | അടിസ്ഥാന വസ്തു നികുതി | വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിൽ വരുത്തേണ്ട വർദ്ധനവ് | പുതുക്കിയ വസ്തു നികുതി / ലൈബ്രറി സെസ്സ് | നിലവിലെ നികുതി/ ലൈബ്രറി സെസ്സ് | കുറവ് വന്ന നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) |
|---|---|---|---|---|---|---|---|---|
| 1 | VII/94 A, B | വിശ്വകുമാർ, ഗോകുലം, പറവൂർ | വാണിജ്യാ വശ്യം /67.3 എം$^2$ | 1683 | 337 | 2020/ 101 | 1683/85 | 353 |
| 2 | XV/249 A | സനൽ ജി ജി, ഗോപീ വിലാസം, വാടയ്ക്കൽ | പാർപ്പിടാ വശ്യം /274.47 എം$^2$ | 1921 | 384 | 2594/ 130 | 2210/111 | 403 |
| 3 | XVI/ 473 B | ഹരിഹരൻ സി എൻ & കൈലാസ് നാഥ് സി | വാണിജ്യാ വശ്യം/199.5 എം$^2$ | 12569 | 2514 | 15083/ 755 | 12569/ 629 | 2640 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | എച്ച്, ശ്രീശൈലം, പുന്നപ്ര.പി.ഒ | | | | | | |
| 4 | VII/68 B | കൊച്ചുമണി, വളപ്പിൽ പുന്നപ്ര നോർത്ത് പി.ഒ. | വാണിജ്യാവശ്യം /56.91എം$^2$ | 878 | 176 | 1054/53 | 878/44 | 185 |
| 5 | VII/68 C | " | " | 1064 | 213 | 1277/64 | 1118/54 | 223 |
| 6 | VII/68 D | " | " | 905 | 181 | 1086/55 | 905/46 | 192 |
| ആകെ | | | | | | | | 3996 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/24.01.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, വസ്തു നികുതി നിർണയത്തിൽ വരുത്തേണ്ട വർദ്ധനവ് വരുത്തി നികുതി പുന: നിർണയിച്ച് പുതുക്കിയ ഫാറം 6 ഉം നികുതി ഈടാക്കിയപ്പോൾ കുറവ് വന്ന തുക തിരികെ ഈടാക്കി ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. സഞ്ചയ അസെസ്മെന്റ് രജിസ്റ്റർ പ്രകാരം , ക്രമ നം. 1 മുതൽ 4 വരെയുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ചിരിക്കുന്നത് ശ്രീ.സാഹിർ കെ.എ, സെക്രട്ടറിയുടെ കാലയളവിലും ക്രമ നം. 4, 5 എന്നീ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ചിരിക്കുന്നത് ശ്രീമതി നിഷ എൻ തയ്യിൽ, സെക്രട്ടറിയുടെ കാലയളവിലുമാണ്. ആയതിനാൽ തെറ്റായ അസ്സസ്മെന്റ് വഴി പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം മേൽ പറയുന്ന സെക്രട്ടറിമാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-14 പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ – പത്ര പരസ്യം- ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിക്കണം. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചുകൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ 2021-22 സാമ്പത്തിക വർഷം, വികസനഫണ്ടിൽ നിന്നും 100338/-രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ എന്ന പ്രോജക്ടിൽ (പ്രോജക്ട് നം.S0002/22) നിന്നും മാതൃഭൂമി ദിനപത്രത്തിന് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ മാതൃഭൂമി പരസ്യ ചാർജിനത്തിൽ ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം/തീയതി | ബിൽ തുക(SGST,CGST ഒഴികെ) | അർഹമായ ഡിസ്കൗണ്ട് (15%) | ബിൽ നം/ തീയതി |
|---|---|---|---|---|
| മാതൃഭൂമി | 321000044943/ 11.09.21 | 11000 | 1650 | ബിൽ നം.20/ 21-22/23.10.21 |
| | 321000032241/ 05.08.21 | 11000 | 1650 | |
| | 321000047995/ 18.09.21 | 11000 | 1650 | |
| ആകെ | | | 4950/-രൂപ | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം 4950/-രൂപയുടെ അധികചെലവ് ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/24.01.23) മറുപടി ലഭ്യമാക്കിയില്ല. 4950/-രൂപ

തിരികെ ഈടാക്കേണ്ടതാണ്.

## 1-15 പഞ്ചായത്ത് ഓഫീസിൽ ബോർവെൽ നിർമ്മാണം-അധികം തുക നൽകിയ തുക തിരികെ ഈടാക്കിയില്ല-

അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസിൽ ബോർവെൽ നിർമ്മാണം എന്ന പ്രവർത്തിയിൽ (പ്രൊ.നം.92/22) 598000/- രൂപ ബിൽ നം.495/22 തീയതി.14-12-21 പ്രകാരം ഭൂജല വകുപ്പ്, ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 06-01-23 ൽ ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, ആലപ്പുഴ ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് 549785/- രൂപയാണ്. 48215/- രൂപ ചെലവഴിക്കാതെ ഇപ്പോഴും ഭൂജല വകുപ്പ്, ആലപ്പുഴയുടെ അക്കൌണ്ടിൽ നിലനിൽക്കുന്നു. ഭൌതിക പരിശോധനയിൽ പഞ്ചായത്ത് കോമ്പൌണ്ടിൽ ട്യൂബ് വെൽ സ്ഥാപിച്ചതായി കണ്ടുവെങ്കിലും ആയതിന് മോട്ടോർ സ്ഥാപിച്ച് ട്യൂബ് വെൽ പ്രവർത്തന സജ്ജമാക്കിയിട്ടില്ല. ട്യൂബ് വെൽ പ്രവർത്തന സജ്ജമാക്കുന്നതിനും, ഭൂജല വകുപ്പിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന വിവരം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (1/17-01-23) ലഭ്യമാക്കിയ മറുപടിയിൽ ട്യൂബ് വെൽ പ്രവർത്തന ക്ഷമമാക്കുന്നതിനായി മോട്ടോർ സ്ഥാപിക്കുന്നതിന് ഈ വർഷം 141000/- രൂപയുടെ എസ്റ്റിമേറ്റ് ഭൂജല വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും ഇതിൽ 48215/- രൂപ കുറവ് ചെയ്ത് ബാക്കി തുക ഡെപ്പോസിറ്റ് ചെയ്താൽ ട്യൂബ് വെൽ പ്രവർത്തന ക്ഷമമാക്കി നൽകാമെന്ന് ഭൂജല വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം പദ്ധതി പൂർത്തീകരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഭൂജല വകുപ്പിൽ ബാക്കി നിൽക്കുന്ന തുക വിനിയോഗിച്ച് ട്യൂബ് വെൽ പ്രവർത്തന ക്ഷമമാക്കി ആയതിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ 48215/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 ബഡ്സ് സ്കൂളിന് കാണ നിർമ്മാണം-അപാകതകൾ-

പ്രൊജക്ട്.നം.S0141/22
അടങ്കൽ -1000000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റുള്ളവ)
ചെലവ് വിവരം – 540165/- രൂപ, ബിൽ നം. 16/21-22, Dt.10/03/22 (ഒന്നാം പാർട്ട് ബിൽ)
കരാറുകാരൻ – വി.എസ്സ്.സാബു.
അളവു പുസ്തകം- 8/20-21
നിർവ്വഹണം –അസ്സി.എൻജിനീയർ

1.എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-

2021-22 വർഷം നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന്, ഓഫീസിന്റെ പുറകിലായി സ്ഥിതി ചെയ്യുന്ന ബഡ്സ് സ്കൂളിന് കാണ നിർമ്മാണം എന്ന നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സംരക്ഷണ ഭിത്തി നിർമ്മാണത്തിനും കാണ നിർമ്മാണത്തിനും എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് $798.27/m^3$(സ്പെസിഫിക്കേഷൻ കോഡ്-11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് $374.21/m^3$ (MoRDസ്പെസിഫിക്കേഷൻ കോഡ്-3.5.1) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| അനുദിച്ച തുക | അനുവദനീയമായ തുക | അധികം നൽകിയ തുക |
|---|---|---|
| $18.811m^3$@798.27 = 15016/- | $18.811m^3$@$374.21/m^3$ = 7039/- | 7977/- |

എൻക്വയറിക്ക് (2) ലഭ്യമാക്കിയ മറുപടിയിൽ ഓട നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് CE ഓഫീസിൽ നിന്നും അനുവദിച്ചു നൽകിയിട്ടുള്ള മോഡൽ എസ്റ്റിമേറ്റിലും അനുവദിച്ചിരിക്കുന്ന ഐറ്റം കോഡ് 11.1.1.1 ആണെന്നും, ഐറ്റം കോഡ് 3.5.1 ൽ ബാക്ക് ഫില്ലിംഗ് ചെയ്യുന്നതിനും, മണ്ണ് ഇടിഞ്ഞു പോകാതെ സംരക്ഷിക്കുന്നതിനും പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ലായെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ, 11.1.1.1 എന്ന ഇനത്തിൽ മെക്കാനിക്കൽ ആയി എക്സ്കവേഷൻ ചെയ്യുന്നതിനും, ബാക്ക് ഫില്ലിംഗ് ചെയ്യുന്നതിനും പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുള്ളതിനാലാണ് 11.1.1.1 എന്ന ഇനം ഉപയോഗിച്ചതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇതേ വർഷം പഞ്ചായത്ത് കോമ്പൌണ്ടിൽ തന്നെ നിർവ്വഹിച്ചിട്ടുള്ള മറ്റൊരു ഡ്രെയിനേജ് വർക്കായ "ഡ്രെയിനേജ് വർക്ക് ഫോർ കമ്മ്യൂണിറ്റി ഹാൾ" എന്ന പ്രവർത്തിയിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകിയ

നിരക്ക് 186.36/$m^3$ ആണ്. (സ്പെസിഫിക്കേഷൻ കോഡ്-2.6.1-Earth Work In Excavation By Mechanical Means......)ആയതിനാൽ തന്നെ ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.അധികം നൽകിയ 7977/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

2.കാണ നിർമ്മാണം – കുഴിയെടുത്ത ഉയരത്തെക്കാൾ വളരെ കൂടിയ ഉയരത്തിൽ കാണയുടെ പാർശ്വഭിത്തി നിർമ്മിച്ചു –

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ്-1, ഇനം-1 ആയി കാണ നിർമ്മാണത്തിനായി 41.8 മീറ്റർ നീളത്തിലും 0.90cm. വീതിയിലും 0.50cm ഉയരത്തിലും എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയിട്ടുണ്ട്. ഇതിന് മുകളിൽ ഇനം 3 ആയി 0.15 Cm കനത്തിൽ 1:3:6 അനുപാതത്തിൽ ബെഡ് കോൺക്രീറ്റ് നടത്തിയിട്ടുണ്ട്. ബെഡ് കോൺക്രീറ്റിന് മുകളിൽ സാധാരണ ഗതിയിൽ, കാണയുടെ സൈഡ് വാളിന്റെ കനം ഒഴിവാക്കിയതിന് ശേഷമുള്ള ഉള്ളളവ് വീതിയിൽ 1:2:4 അനുപാതത്തിൽ വെയറിംഗ് കോട്ട് നൽകിയാൽ മതിയാകും. എന്നാൽ ഈ പ്രവർത്തിയിൽ 0.15 Cm കനത്തിൽ ബെഡ് കോൺക്രീറ്റ് നടത്തിയതിന് മുകളിൽ വീണ്ടും ഇതേ നീളത്തിലും, വീതിയിലും 0.10 Cm.കനത്തിൽ 1:2.5:5 അനുപാതത്തിൽ വീണ്ടും കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. (പേജ്-5, ഇനം-6)തുടർന്ന്, ചുവടെ ചേർത്തിട്ടുള്ള അളവിൽ കാണയുടെ ഇരുവശവും സൈഡ് വാൾ നിർമ്മിച്ചിട്ടുണ്ട്.

Cross Side Wall – 2x7.25x0.20 X0.60 = 1.74$m^3$

Side Wall- 2x24.70x0.15 X0.60 = 4.446$m^3$

Side Wall- 2x9.85x0.20 X0.60 = 2.364$m^3$

ആകെ = 8.55$m^3$

കാണ നിർമ്മാണത്തിനായി 50 Cm ഉയരത്തിൽ മാത്രമാണ് എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയിരിക്കുന്നത്. ഇതിൽ 0.15 Cm കനത്തിൽ 1:3:6 അനുപാതത്തിലുള്ള ബെഡ് കോൺക്രീറ്റിംഗും 0.10 Cm കനത്തിൽ 1:2.5:5 അനുപാതത്തിലുള്ള കോൺക്രീറ്റിംഗിനും ശേഷം സൈഡ് ഭിത്തി നിർമ്മാണത്തിന് അവശേഷിക്കുന്ന കാണയുടെ ഉയരം 25cm മാത്രമാണ്.(50 Cm – 25cm). എന്നാൽ 6-ാം ഇനമായി M-15 ഗ്രേഡിലുള്ള സൈഡ് വാൾ കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത് 60 Cm.ഉയരത്തിൽ ആണ്.(പേജ് നം.6) കാണയുടെ ഉൾവശം ബെഡ് കോൺക്രീറ്റിംഗ് നടത്തിയതിന് ശേഷം പരമാവധി 25cm. ഉയരത്തിൽ മാത്രമെ സൈഡ് വാൾ കോൺക്രീറ്റിംഗ് സാധാരണ ഗതിയിൽ നിർവ്വഹിക്കാനാകൂ. താഴ്ന്ന പ്രദേശം എന്ന നിലയ്ക്ക് 30.75 മീറ്റർ നീളത്തിൽ 8-ാം ഇനമായി 0.15 Cm. കനത്തിൽ ക്വാറി മക്ക് ഫില്ലിംഗും, 9-ാം ഇനമായി 0.20 Cm.കനത്തിൽ ഗ്രാവൽ ഫില്ലിംഗും നടത്തിയിട്ടുണ്ട്. കൂടാതെ ഇതേ നീളത്തിൽ 60mm കനത്തിൽ ഇന്റർ ലോക്ക് ടൈലും വിരിച്ചിട്ടുണ്ട്. ടി പ്രവർത്തി മൂലം തറനിരപ്പ് 41 Cm (15+20+6) വരെ ഉയർന്നിട്ടുണ്ട് എന്നത് അംഗീകരിച്ചാലും ആയത് നിർവ്വഹിച്ചിട്ടുള്ളത് 30.75 മീറ്റർ നീളത്തിൽ മാത്രമാണ്.(പേജ് – 16,17,18) ബാക്കിയുള്ള 11.05 മീറ്റർ നീളത്തിൽ (41.8 -30.75) രണ്ട് തവണയായി നിർവ്വഹിച്ച ബെഡ് കോൺക്രീറ്റിഗിന് ശേഷം (10+15=25) സൈഡ് വാൾ നിർമ്മാണത്തിനായി അനുവദിക്കാവുന്ന പരമാവധി ഉയരം 25 Cm. മാത്രമാണ്. എന്നാൽ 41.8 മീറ്റർ നീളത്തിലും 60cm ഉയരത്തിൽ സൈഡ് വാൾ നിർമ്മാണം നടത്തിയതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയത് മൂലം അനുവദിക്കാവുന്ന അളവിന്റെയും, തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

അനുവദിക്കാവുന്ന അളവ്-

Cross Side Wall – 2x7.25x0.20 X0.60 = 1.74$m^3$

Side Wall- 2x23.50x0.15 X0.60 = 4.23$m^3$

Side Wall- 2x11.05x0.20 X0.25 = 1.105$m^3$

ആകെ –7.075$m^3$

അനുവദിക്കാവുന്ന തുക – 7.075$m^3$ X 8965.14/$m^3$ = 63428/- രൂപ

നൽകിയത് = 8.55$m^3$ X 8965.14/$m^3$ =76651/-രൂപ

അധികം നൽകിയ തുക – 76651 -63428 = 13223/-രൂപ

എൻക്വയറിക്ക് (2) ലഭ്യമാക്കിയ മറുപടിയിൽ ഓടയിൽ നിന്നും കുഴിച്ച മണ്ണ് ബാക്ക് ഫില്ലിംഗ് നടത്തിയതിന് ശേഷം ബാക്കിയുള്ളത് വശങ്ങളിൽ നിക്ഷേപിച്ച ശേഷമാണ് ഫില്ലിംഗും, ഇന്റർലോക്ക് വിരിക്കലും ചെയ്തതെന്നും, ആയതുകൊണ്ടാണ് സൈഡ് വാളിന്റെ ഉയരത്തിൽ വ്യത്യാസം വന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരം ബാക്ക് ഫില്ലിംഗ് നടത്തിയതായോ, എത്ര ഉയരത്തിൽ ബാക്ക് ഫില്ലിംഗ് നടത്തിയെന്നോ അളവു പുസ്തകത്തിൽ

രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ 13223/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

3. ഗ്രാവൽ ഫില്ലിംഗിന് കൺസോളിഡേഷൻ കുറവ് ചെയ്തില്ല-

ഈ പ്രവർത്തിയിൽ ഇനം 9 ആയി പേജ് നം.23 ൽ 29.61 $M^3$ ഉം, പേജ് നം.27 ൽ 63.54 $M^3$ ഉം ഗ്രാവൽ ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. ഇതിൽ 63.54 $M^3$ അളവിൽ നിന്നും 10% കൺസോളിഡേഷൻ കുറവ് ചെയ്തതിന് ശേഷം 86.796 $M^3$ന്, (29.61 $M^3$ + 57.186 $M^3$) എം$^3$ ന് 1090.02 രൂപ നിരക്കിൽ 94609/-രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം മൂല്യം നിർണ്ണയിച്ച് നൽകിയപ്പോൾ 29.61 $M^3$ അളവിൽ നിന്നും 10% കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. 29.61 $M^3$ അളവിന്റെ 10% ആയ 2.96$m^3$ ന് എം$^3$ ന് 1090.02 രൂപ നിരക്കിൽ 3226/- രൂപ അധികം നൽകി.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (2) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുന്നതാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികം നൽകിയ 3226/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-17 MGNREGS - മെറ്റീരിയൽ ഉപയോഗിച്ചുള്ള കരാർ പ്രവർത്തികളിൽ നികുതികൾ കുറവ് ചെയ്തില്ല-

താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ ക്വാറിമക്കും, ഗ്രഡ് എർത്തും മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്ടി കുറവ് ചെയ്തിട്ടില്ല .ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് ഉല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്.(ഇൻകം ടാക്സ് കമ്മീഷണറുടെ 13-05-20 ലെ നിർദ്ദേശപ്രകാരം 14-05-20 മുതൽ 31-05-21 വരെ വ്യക്തികളാണെങ്കിൽ 0.75% ഉം സ്ഥാപനങ്ങളാണെങ്കിൽ 1.5% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയാൽ മതി. ആയത് പിന്നീട് 31-03-22 വരെ നീട്ടി നൽകി) എന്നാൽ നെടുമുടി ഗ്രാമ പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശങ്ങൾ | കരാർ തുക. | ഈടാക്കേണ്ട ആദായ നികുതി (0.75%) | ഈടാക്കേണ്ട ജിഎസ്ടി(2%) | FTO No./തീയതി |
|---|---|---|---|---|---|
| 1. | W-17 ൽ റോഡ് കോൺക്രീറ്റിംഗ് – (RC-335237) കരാറുകാരൻ -അശോക് കുമാർ.വി.സി MB- No-159/21-22 | 403728/- | Rs-3028/- | Rs-8074/- | 1)166102,dt.12-04-22 |
| 2. | W-15 ൽ കണ്ണങ്കാട് മാമ്മൂട് റോഡ് | 358382/- | Rs-2687/- | Rs-7167/- | 1)1647/14-06-22 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ് (RC-335692) കരാറുകാരൻ -വർഗ്ഗീസ് കുര്യൻ. MB- No-186/21-22 | | | | |
| 3. | W-15 ൽ മാമ്മൂട് റോഡ് നിർമ്മാണം – (RC-363272) കരാറുകാരൻ -വർഗ്ഗീസ് കുര്യൻ. MB- No-210/21-22 | 152511/- | Rs-1143/- | | 1)1618 Dt.15-06-22 Rs-152511/- |
| 4. | W-11 ൽ പൂന്തോട്ടം സ്കൂളിന് തെക്കുവശമുള്ള റോഡ് കോൺക്രീറ്റിംഗ് – (RC-335715) കരാറുകാരൻ -ഗിരീഷ് കുമാർ MB- No-80/21-22 | 248108/- | Rs-1861/- | | 1)166968 Dt.13-04-22 Rs-248108/- |
| 5. | W-9 ൽ കണ്ണാംകുരുടി വടക്കേ ബണ്ട് റോഡ് നിർമ്മാണം. (RC-336229) കരാറുകാരൻ -വിനോദ് മോൻ. MB- No-218/21-22 | 673405/- | Rs-5050/- | Rs-13468/- | 1)161150 Dt.12-07-22 Rs-673405/- |
| | ആകെ | | 13769/- | 28709/- | |

ടി കരാറുകാരിൽ നിന്നും നികുതികൾ സോഴ്സ് ഡിഡക്ഷൻ നടത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (8/21.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ജിഎസ്സ്ടി, ഐടി എന്നീ ഇനങ്ങളിൽ ബില്ലിൽ നിന്നും കുറവ് ചെയ്യാതിരുന്ന 42478/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറി, അസ്സി.സെക്രട്ടറി, അക്രെഡിറ്റഡ് എൻജിനീയർ എന്നിവരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-18 MGNREGS - സിമന്റിന് മാർക്കറ്റ് വിലയെക്കാൾ വളരെ ഉയർന്ന നിരക്ക് നൽകി -

സിമന്റ് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തികൾക്ക് സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്ക് നൽകുന്ന -

2021-22 വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ള സിമന്റ്

ഉപയോഗിച്ചുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവർത്തികൾക്ക് സെക്യുർ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ പോർട്ട് ലാന്റ് സിമന്റിന് ഒരു ടണ്ണിന് 12288/- രൂപയാണ് (50 കിലോഗ്രാമിന്റെ ഒരു ചാക്കിന് 614.40 രൂപ) അനുവദിച്ചു നൽകിയിട്ടുള്ളത്. സിമന്റ് വില ഏറ്റവും കൂടുതൽ വന്നപ്പോഴും, പരമാവധി മാർക്കറ്റ് വില ഒരു ചാക്കിന് 400-425/- രൂപ മാത്രമായിരുന്നു. ഇപ്രകാരം സിമന്റിന് ഉയർന്ന നിരക്കിൽ വില അനുവദിച്ച് നൽകിയത് മൂലം അധിക ചെലവുണ്ടായ ചില പ്രവർത്തികളുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ വർക്ക് കോഡ്/ /കരാറുകാരൻ/ എം. ബുക്ക് നമ്പർ | FTO No. | 1:4:8 കോൺക്രീറ്റിംഗിനും, 1:2:4 കോൺക്രീറ്റിംഗിനും ഉപയോഗിച്ച സിമന്റിന്റെ അളവും, ആകെ പ്രവർത്തിയുടെ അളവും. | ഒരു ചാക്കിന് 614.40 രൂപ നിരക്കിൽ നൽകിയ തുക | കരാറുകാരൻ ഹാജരാക്കിയ ബില്ലുകൾ പ്രകാരം ഒരു ചാക്ക് സിമന്റിന്റെ വില /അനുവദനീയമായ തുക/ ഒരു ചാക്കിന് 450 രൂപ നിരക്കിൽ നൽകിയാൽ പോലും അനുവദനീയമായ തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1. | W-17 ൽ റോഡ് കോൺക്രീറ്റിംഗ് – (RC-335237) കരാറുകാരൻ -അശോക് കുമാർ.വി.സി MB-No-159/21-22 | 1)166102, Dt.12-04-22. Rs-403728/- | (311 ചാക്ക്/ 15.55 ടൺ) 48.62m$^3$ | Rs-191078/- | 365/- 113515/- (311x365) (കല്ലുപുരയ്ക്കൽ ഹാർഡ് വെയേഴ്സ്.) | Rs-77563/- |
| 2. | W-15 ൽ കണ്ണങ്കാട് മാമ്മൂട് റോഡ് കോൺക്രീറ്റിംഗ് (RC-335692) കരാറുകാരൻ -വർഗ്ഗീസ് കുര്യൻ. MB-No-186/21-22 | 1)1647/ 14-06-22/ Rs-358382/-. | 9.92 ടൺ (198 ചാക്ക്) | Rs-121896/- | Rs-620/- Rs-89100/- (കരാറുകാരന്റെ ബിൽ മാത്രം) | Rs-32796/- |
| 3. | W-15 ൽ മാമ്മൂട് റോഡ് നിർമ്മാണം – (RC-363272) കരാറുകാരൻ -വർഗ്ഗീസ് കുര്യൻ. | 1)1618 Dt.15-06-22 Rs-152511/- | 5.50 ടൺ (112 ചാക്ക്) | Rs-67584/- | Rs-620/- Rs-50400/- (കരാറുകാരന്റെ ബിൽ മാത്രം) | Rs-17184/- |

| | | | | | | |
|---|---|---|---|---|---|---|
| | MB-No-210/21-22 | | | | | |
| 4. | W-11 ൽ പൂന്തോട്ടം സ്കൂളിന് തെക്കുവശമുള്ള റോഡ് കോൺക്രീറ്റിംഗ് – (RC-335715) കരാറുകാരൻ -ഗിരീഷ് കുമാർ MB-No-80/21-22 | 1)166968 Dt.13-04-22 Rs-248108/- | 9.59 ടൺ (192 ചാക്ക്) | Rs-117946/- | Rs-620/- Rs-86400/- (കരാറുകാരന്റെ ബിൽ മാത്രം) | Rs-31546/- |
| 5. | W-9 ൽ കണ്ണാംകുരുടി വടക്കേ ബണ്ട് റോഡ് നിർമ്മാണം. (RC-336229) കരാറുകാരൻ -വിനോദ് മോൻ. MB-No-218/21-22 | 1)161150 Dt.12-07-22 Rs-673405/- | 25.34 ടൺ (507 ചാക്ക്) | Rs-311377/- | Rs-620/- Rs-228150/- (കരാറുകാരന്റെ ബിൽ മാത്രം) | Rs-83227/- |
| | | | ആകെ | | | 242316/- |

തൻവർഷം നടപ്പിലാക്കിയിട്ടുള്ള മേൽ സൂചിപ്പിച്ച പ്രവർത്തികളിലെല്ലാം കൂടി ലക്ഷക്കണക്കിന് രൂപയാണ് അധികം ചെലവഴിക്കപ്പെട്ടിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ 08-07-22 ലെ OMB/ALP/AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? 2021-22 വർഷം എത്ര പ്രവർത്തികൾക്ക് ഇപ്രകാരം തുക നൽകി?, നൽകാനുണ്ട്?, ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിരുന്നോ, തുടങ്ങിയ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-08) മറുപടി ലഭ്യമാക്കിയിട്ടില്ല. വിഷയം NREGS മിഷൻ ഡയറക്ടറുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 MGNREGS - Secure സോഫ്റ്റ്വെയർ പ്രകാരം 80mm Thick Cc Paver Block പാകുന്നതിന് PWD നിരക്കിനെക്കാൾ വളരെ ഉയർന്ന നിരക്ക് -ലക്ഷങ്ങളുടെ അധിക ചെലവ്-

2021-22 വർഷം അസ്സി.എൻജിനീയർ, എൽ.എസ്സ്.ജി.ഡി നിർവ്വഹണ ഉദ്യോഗസ്ഥനായി നടവഴികൾക്ക് 80mm Thick Cc Paver Block പാകുന്നതിനായി PRICE സോഫ്റ്റ്വെയർ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവർത്തികൾക്ക് 1 $M^2$ ന് 1071/- രൂപയാണ് അനുവദിച്ചു നൽകിയിട്ടുള്ള നിരക്ക്. എന്നാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൻവർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് 80mm Thick Cc Paver Block പാകുന്നതിനായി 1 $M^2$ന് 1927.025/-രൂപ നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ്/FTO No./കരാറുകാരൻ | എം. ബുക്ക് നമ്പർ | 80mm Thick Cc Paver | അനുവദിച്ച നിരക്ക്/ അനുവദിച്ച തുക | എൽ.എസ്സ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുമായിരുന്നുവെങ്കിൽ | വ്യത്യാസം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | Block പാകിയ ഏരിയ-($M^2$) | | അനുവദിക്കുമായിരുന്ന തുക ($1071/m^2$) | |
| 1 | വാർഡ്- 8- വാളത്താറ്റ് നടപ്പാത ഇന്റർലോക്ക് നിർമ്മാണം/ RC-366947/16300 /13-06-22 /ജിതേഷ് എ.നായർ. | 252/21-22 | 44.50 | 1927.025 /$M^2$ Rs-85752/- | 47660/- | 38092/- |
| 2 | വാർഡ്- 16- തൈപ്പറമ്പ്-ലക്ഷം വീട് റോഡ് ഇന്റർലോക്ക് നിർമ്മാണം/ RC-349986/ 16238 /28-05-22 /രാധാകൃഷ്ണൻ. | 48/21-22 | 99.37 | 1922.025 /$M^2$ Rs-190991/- (എഡ്ജ് ബ്ലോക്ക് കോൺക്രീറ്റിംഗിന് ഇതു കൂടാതെ പ്രത്യേകം തുക അനുവദിച്ചിട്ടുണ്ട്.) | 106425/- | 84566/- |
| 3. | വാർഡ്- 8-NH- കോതകുളങ്ങര കണക്ടിംഗ് ഇന്റർലോക്ക് നടപ്പാത നിർമ്മാണം/ RC-363291 / 16668 /01-07-22 /ജിതേഷ് എ.നായർ. | 348/21-22 | 220.20 | 1927.025/$m^2$ Rs-424330/- | 235834/- | 188496/- |
| | | | | ആകെ | | 311154/- |

മേൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും സെക്യൂർ സോഫ്റ്റ്‌വെയർ പ്രകാരം ഉയർന്ന നിരക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. നിരക്കുകൾ തമ്മിലുള്ള വ്യത്യാസം മൂലം തൻവർഷം നടപ്പിലാക്കിയിട്ടുള്ള എല്ലാ പ്രവർത്തികളിലും കൂടി ലക്ഷക്കണക്കിന് രൂപയാണ് അധികം ചെലവഴിക്കപ്പെട്ടിട്ടുള്ളത്. നിരക്കുകൾ തമ്മിലുള്ള വ്യത്യാസം മൂലമുണ്ടാകുന്ന ഈ അധിക ചെലവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ടി വിഷയം NREGS മിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ? തുടങ്ങിയ വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (8) മറുപടി ലഭ്യമാക്കിയില്ല.വിഷയം NREGS മിഷൻ ഡയറക്ടറുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- കമ്പ്യൂട്ടറുകൾ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്റ്റ് നം - S 0127/22

പ്രോജക്ടിന്റെപേര് - ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 667518/-

ചെലവ്

1) ബിൽ നം.16/21-22/19.01.22 തുക.219242/-

2) ബിൽ നം.37/21-22/18.3.22 തുക.119391/-

ചെലവിൽ അപാകതയുള്ളതിന്റെ വിവരം ചുവടെ ചേർക്കുന്നു.
(ബിൽ നം.37/21-22/18.3.22 തുക. 119391/-)

KSEDC LTD IT BUSINESS GROUP, KELTRON HOUSE, തിരുവനന്തപുരത്തിന്റെ 17.3.22 ലെ TVM/ITBG/PI/RC/36570/20-21 നം. പ്രൊഫോർമ ഇൻവോയ്സിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1 | Desktop | 39797 | 3 | 119391 |

മേൽ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള 119391/-രൂപ കേരള സ്റ്റേറ്റ് ഐ.ടി.മിഷന്റെ 799011400003959 നം.അക്കൗണ്ടിൽ നൽകി. എന്നാൽ 3 കമ്പ്യൂട്ടറുകളും ലഭ്യമായിട്ടില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17/24.01.23) മറുപടി ലഭ്യമാക്കിയില്ല. കമ്പ്യൂട്ടറുകൾ ലഭ്യമാവാത്തതിനാൽ 119391/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ലൈഫ് ജനറൽ- മുൻകൂർ തുക കൈപ്പറ്റി-പ്രവൃത്തി ആരംഭിച്ചില്ല

2021-22 സാമ്പത്തികവർഷം വി.ഇ.ഒ. വാടയ്ക്കൽ സർക്കിൾ നിർവ്വഹണം ചെയ്ത ലൈഫ് ജനറൽ പ്രോജക്ടിന്റെ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് നം - S0050/22

പ്രോജക്ടിന്റെ പേര് - ലൈഫ് ജനറൽ

വകയിരുത്തൽ

വികസനഫണ്ട് (പൊതുവിഭാഗം) -4624348/-

സംസ്ഥാനാവിഷ്കൃതഫണ്ട് -4300000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം -1625600/-

ജില്ലാ പഞ്ചായത്ത് വിഹിതം - 3500000/-

മറ്റുള്ളവ - 3150052/-

ആകെ അടങ്കൽ - 17200000/-

അപാകതയുള്ള ചെലവിന്റെ വിവരം താഴെ കൊടുക്കുന്നു.

ബിൽ നം.1/21-22/24.06.21 തുക.760000/-(വികസനഫണ്ട്).

പ്രോജക്ട് ഫയൽ, ബില്ലുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, മേൽ ബിൽ പ്രകാരം താഴെ ചേർക്കുന്ന ഗുണഭോക്താവ് ഭവനനിർമ്മാണത്തിനായി 40000/- രൂപ കൈപ്പറ്റി. എന്നാൽനാളിതുവരെപ്രവൃത്തി ആരംഭിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വാർഡ് നം | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | സെബാസ്റ്റ്യൻ<br>ചാണിയിൽ<br>വാടയ്ക്കൽ | 16 | 24.06.21 |

ഗുണഭോക്താവ് നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 3/18.01.22), താഴെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.
സെബാസ്റ്റ്യൻ, ചാണിയിൽ എന്ന ഗുണഭോക്താവിനെ നേരിട്ടും വാർഡ് മെമ്പർ, ഭരണസമിതി എന്നിവ മുഖാന്തിരവും പ്രവൃത്തി നടത്തിപ്പിനായി നിരവധി തവണ സമീപിച്ചെങ്കിലും ടിയാന്റെ ഭാഗത്തുനിന്നും യാതൊരുവിധ സഹകരണവും ലഭിച്ചില്ല. തുടർന്ന് വീട് നിർമ്മാണം അടിയന്തിരമായി ആരംഭിക്കണമെന്നും അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടികളിലൂടെ തുക തിരികെ ഈടാക്കുമെന്നും കാണിച്ച് ടിയാന് 21.02.22, 23.03.22, 27.06.22 എന്നീ തീയതികളിൽ കത്ത് നൽകിയിട്ടുള്ളതും ആയത് ടിയാൻ കൈപ്പറ്റിയിട്ടുള്ളതുമാണ്. നിലവിൽ ടിയാന് അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതും ആണ്. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്. 40000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ഐ.കെ.എം. വിഹിതം-ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം - S0003/22

പ്രോജക്ടിന്റെപേര് - ഐ.കെ.എം. വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 80812/-

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന്റെ എസ്.ബി.ഐ, നന്ദൻകോട് പേർസണൽ ബാങ്കിംഗ് ശാഖ, 57047023512 നം.അക്കൗണ്ടിൽ 80812/-രൂപ നൽകി (ബിൽ നം.9/21-22/13.8.21 തുക.80812/-). എന്നാൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/19.01.23), ഐ.കെ.എം.ന് നൽകിയ പ്രവർത്തനഫണ്ട് സംബന്ധിച്ച് ധനവിനിയോഗ സാക്ഷ്യപത്രം തയ്യാറാക്കിവരുന്നുവെന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും 19.01.23 തീയതിയിൽ ഐ.കെ.എം. ജില്ലാ ടെക്നിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 80812/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 കുടുംബാരോഗ്യകേന്ദ്രം,അനുബന്ധചെലവുകൾ-അപാകതകൾ

2021-22 സാമ്പത്തികവർഷം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡിൽ) നിന്നും 500000/-രൂപ വകയിരുത്തി മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് കുടുംബാരോഗ്യകേന്ദ്രം, അനുബന്ധചെലവുകൾ (പ്രോജക്ട് നം S0017/22).

ചെലവിന്റെ വിവരം താഴെ കൊടുക്കുന്നു.

1) ബിൽ നം.8/21-22/18.07.21 തുക.18245/-

2) ബിൽ നം.9/21-22/20.07.21 തുക. 7649/-

3) ബിൽ നം.14/21-22/31.08.21 തുക. 58402/-

4) ബിൽ നം.15/21-22/31.08.21 തുക. 6224/-

5) ബിൽ നം.17/21-22/31.08.21 തുക.2600/-

6) ബിൽ നം.25/21-22/27.11.21 തുക.42846/-

7) ബിൽ നം.27/21-22/11.01.22 തുക.13650/-

8) ബിൽ നം 31/21-22/22.01.22 തുക.30406/-

9) ബിൽ നം.33/21-22/08.03.22 തുക.19349/-

10) ബിൽ നം.34/21-22/08.03.22 തുക.13079/-

11) ബിൽ നം.41/21-22/28.03.22 തുക.3900/-

12) ബിൽ നം.5/21-22/23.06.21 തുക.36828/-

അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്രമ നം 12 പ്രകാരമുള്ള 36828/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) ക്രമ നം 1 പ്രകാരമുള്ള 18245/-രൂപയുടെ ചെലവിൽ, 1300/-രൂപ IMAGE ന് നൽകി. എന്നാൽ 650/-രൂപയുടെ IMAGE ന്റെ ബില്ല് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ ബില്ലിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നം | ബിൽ തീയതി | തുക |
|---|---|---|---|
| 1 | OC/21-22/Apr/86934 | 01.05.21 | 650/- |

3) ക്രമ നം 5 പ്രകാരമുള്ള 2600/-രൂപ IMAGE ന് നൽകി. ഹാജരാക്കിയ ബില്ലിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നം | ബിൽ തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | OC/21-22 /Apr/86934 | 01.05.21 | 650/- | ക്രമ നം 1 പ്രകാരമുള്ള 18245/-രൂപയുടെ ചെലവിൽ, 1300/-രൂപ IMAGE ന് |

| | | | | |
|---|---|---|---|---|
| | | | | നൽകിയതിനും ഇത് തന്നെ ഹാജരാക്കി |
| 2 | OC/21-22 /Mar/850965 | 01.04.21 | 650/- | - |
| 3 | OC/21-22 /May/877039 | 01.06.21 | 650/- | - |
| 4 | OC/21-22 /Jun/890608 | 01.07.21 | 650/- | - |

മേൽ പട്ടിക ക്രമ നം.1 പ്രകാരം 650/- രൂപ ആവർത്തിച്ച് നൽകി.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12 തീയതി. 23.01.23) മറുപടി ലഭ്യമാക്കിയില്ല.
അപാകതകളിലെ ക്രമ നം.1 പ്രകാരം ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 36828/-രൂപയുടെ ചെലവും ക്രമ നം.2 പ്രകാരം 650/-രൂപയുടെ ചെലവും ഒട്ടാകെ 37478/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ക്രമ നം.3 പ്രകാരം ആവർത്തിച്ച് നൽകിയ 650/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയത് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-24 കുടുംബാരോഗ്യകേന്ദ്രം പുന്നപ്ര നോർത്ത്- കോവിഡ് പ്രതിരോധ പ്രവർത്തനം – ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

പ്രോജക്ട് നം - S 0100/22

പ്രോജക്ടിന്റെ പേര് - കുടുംബാരോഗ്യകേന്ദ്രം പുന്നപ്ര നോർത്ത്- കോവിഡ് പ്രതിരോധ പ്രവർത്തനം

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

വകയിരുത്തൽ

തനത് ഫണ്ട് - 1287000/-

മേൽ പ്രോജക്ടിൽ നിന്നും സുലേഖ ചെലവ് പത്രിക പ്രകാരം, 1058212/-രൂപയുടെ ചെലവുണ്ട്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം | വൗച്ചർ നം/തീയതി | തുക |
|---|---|---|
| 1 | 22100433/10.02.22 | 20200 |

ആകെ ചെലവ് തുകയായ 1058212/-രൂപയിൽ 1038012/-രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയത്. 20200/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 20200/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ – അപാകതകൾ

പ്രോജക്ട് നം - S 0056/22

പ്രോജക്ടിന്റെ പേര് - പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ,പി.എച്ച്.സി.

വകയിരുത്തൽ

മെയിന്റനൻസ് ഫണ്ട്(റോഡിതരം) - 2000000/-

മേൽ പ്രോജക്ടിൽ നിന്നുള്ള ചെലവിന്റെ വിവരം താഴെ കൊടുക്കുന്നു.

1) ബിൽ നം.18/17.09.21 തുക.800000/-(മരുന്ന് പൂർണ്ണമായും ലഭ്യമായി)

2) ബിൽ നം.32/08.03.22 തുക.200000/-

3) ബിൽ നം.21/17.09.21 തുക.39522/-

4) ബിൽ നം.19/17.09.21 തുക.148500/-

5) ബിൽ നം. 20/17.09.21 തുക.156840/-

6) ബിൽ നം.36/28.03.22 തുക.122495/-

7) ബിൽ നം.37/28.03.22 തുക. 49878/-

8) ബിൽ നം.39/28.03.22 തുക.80960/-

അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബിൽ നം.32/08.03.22 തുക.200000/-

ഹോംകോ, പാതിരപ്പള്ളിയുടെ 12.10.21 ലെ 750 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 34 ഇനം മരുന്നുകൾക്കായി 200000/-രൂപ നൽകി. ആയതിൽ ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം/തീയതി | എത്ര ഇനം മരുന്നുകൾ | തുക |
|---|---|---|---|
| 1 | LF – 341/16.07.22 | 5ഇനം | 29337 |
| 2 | LF – 2572/24.03.22 | 3 ഇനം | 13430 |
| ആകെ | | | 42767 |

200000/-രൂപ നൽകിയതിൽ 42767/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. 157233/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

2)ബിൽ നം.36/28.03.22 തുക.122495/-

ബിൽ നം.37/28.03.22 തുക. 49878/-

ബിൽ നം.39/28.03.22 തുക.80960/-

മേൽ ബില്ലുകൾ പ്രകാരം മരുന്നുകൾക്കായി KMSCL ന് 253333/-രൂപ നൽകി. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1)KMSCL ന്റെ 15.03.22 ലെ PRF-6921 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 13 ഇനം മരുന്നുകൾക്കായി 122495/-രൂപ നൽകി. ആയതിൽ ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം/തീയതി | എത്ര ഇനം മരുന്നുകൾ | തുക |
|---|---|---|---|
| 1 | 6424/21.07.22 | 2 ഇനം | 17879 |
| 2 | 6952/27.07.22 | 4 ഇനം | 20373 |
| 3 | 8741/20.08.22 | 1 ഇനം | 8135 |
| 4 | 8931/22.08.22 | 1 ഇനം | 42442 |
| 5 | 10837/13.09.22 | 1 ഇനം | 3728 |
| 6 | 17679/19.11.22 | 1 ഇനം | 5093 |
| 7 | 16336/08.11.22 | 1 ഇനം | 3242 |
| 8 | 18808/25.11.22 | 1 ഇനം | 11672 |
| ആകെ | | | 112564/- |

2)KMSCL ന്റെ 15.03.22 ലെ PRF-6920 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 8 ഇനം മരുന്നുകൾക്കായി 49878/-രൂപ നൽകി. ആയതിൽ ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം/തീയതി | എത്ര ഇനം മരുന്നുകൾ | തുക |
|---|---|---|---|
| 1 | 11865/21.09.22 | 1ഇനം | 6025 |
| ആകെ | | | 6025/- |

3)KMSCL ന്റെ 15.03.22 ലെ PRF-6922 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 5 ഇനം മരുന്നുകൾക്കായി 80960/-രൂപ നൽകി. ആയതിൽ ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം/തീയതി | എത്ര ഇനം മരുന്നുകൾ | തുക |
|---|---|---|---|
| 1 | 17682/19.11.22 | 1 ഇനം | 56521 |
| 2 | 19781/13.12.22 | 1 ഇനം | 1137 |
| 3 | 6436/21.07.22 | 1 ഇനം | 4664 |
| 4 | 10829/13.09.22 | 1 ഇനം | 9507 |
| ആകെ | | | 71829/- |

മേൽ ക്രമ നം.1,2,3 പ്രകാരം, KMSCL ന് ഒട്ടാകെ നൽകിയ 253333/-രൂപയിൽ 190418/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. 62915/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/23.01.22) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാകാത്തതിനാൽ ക്രമ നം.1 പ്രകാരമുള്ള 157233/-രൂപയുടെയും ക്രമ നം.2 പ്രകാരമുള്ള 62915/-രൂപയുടെയും ഒട്ടാകെ 220148/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനയുടമ സമർപ്പിച്ച അർദ്ധവർഷ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം /അർദ്ധവർഷം | ജീവനക്കാരന്റെ പേര്, തസ്തിക | പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | ജ്യോതി നികേതൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ (രണ്ടാം അർദ്ധവർഷം) | സെൻ കല്ലുപ്പുര, പ്രിൻസിപ്പാൾ | 125000 | 1250 | 750 | 500 |
| 2 | M/s Aparajitha Dynamic Synergies (P) Ltd. (രണ്ടാം അർദ്ധവർഷം) | സുരേഷ് പി എ, ഡ്രൈവർ | 1,35,961 | 1250 | 750 | 500 |
| 3 | “ | ഷൈമ, C- Associate | 163,749 | 1250 | 600 | 650 |
| 4 | “ | സൌമ്യരാജ് എസ്, C- Associate | 110,027 | 1000 | 750 | 250 |
| 5 | “ | അനന്തു, C- Associate | 110,027 | 1000 | 750 | 250 |
| 6 | “ | ദീപു തിലകൻ, P- Associate | 52742 | 450 | 300 | 150 |
| 7 | “ | റസീന എ, P- Associate | 100000 | 1000 | 450 | 550 |
| 8 | കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, പുന്നപ്ര (രണ്ടാം അർദ്ധവർഷം) | രാഖി ജി, Adhoc G P | 138000 | 1250 | 750 | 500 |
| 9 | സ്പനന്ദന സ്പോർട്ടി ഫിനാൻഷ്യൽ | ഗ്ലെൻ കെ ജിപ്സൺ, | 64420 | 600 | 180 | 420 |

| | | | | | | |
|---|---|---|---|---|---|---|
| | എൽ റ്റി (രണ്ടാം അർദ്ധവർഷം) | ട്രെയിനി ക്രഡിറ്റ് അസിസ്റ്റന്റ് | | | | |
| 10 | അരുൺ പ്ലാസ്റ്റിക്സ്, വാടയ്ക്കൽ (രണ്ടാം അർദ്ധവർഷം) | ഷാജി പി ജേക്കബ്, അൺ സ്കിൽഡ് ലേബർ | 125807 | 1250 | 1000 | 250 |
| 11 | ഈസ്റ്റ് വെന്നീസ് ഓട്ടോസ് (ഒന്നാം അർദ്ധവർഷം) | സീന ബി, മാനേജർ | 72000 | 600 | 450 | 150 |
| 12 | " | വിദ്യ, സി ഡി എം എസ് | 39000 | 300 | 180 | 120 |
| 13 | " | പ്രസന്ന, സെയിൽസ് അസിസ്റ്റന്റ് | 40500 | 300 | 180 | 120 |
| 14 | " | വൈശാഖ്, എക്സിക്യൂട്ടീവ് | 40500 | 300 | 180 | 120 |
| 15 | ഈസ്റ്റ് വെന്നീസ് ഓട്ടോസ് (ഒന്നാം അർദ്ധവർഷം) | സീന ബി, മാനേജർ | 72000 | 600 | 450 | 150 |
| 16 | " | വിദ്യ, സി ഡി എം എസ് | 39000 | 300 | 180 | 120 |
| 17 | " | പ്രസന്ന, സെയിൽസ് അസിസ്റ്റന്റ് | 40500 | 300 | 180 | 120 |
| 18 | TIRAS ഡിസ്ട്രിബ്യൂട്ടേഴ്സ്, (ഒന്നാം അർദ്ധവർഷം) | രാകേന്ദു, അക്കൌണ്ടന്റ് | 48000 | 450 | 300 | 150 |
| 19 | " | മായുഷ് സെയിൽസ് എക്സിക്യൂട്ടീവ് | 48000 | 450 | 300 | 150 |
| 20 | ജ്യോതി നികേതൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ (ഒന്നാം അർദ്ധവർഷം) | സെൻ കല്ലുപുര, പ്രിൻസിപ്പാൾ | 125000 | 1250 | 1000 | 250 |
| | ആകെ | | | | | 5470 |

2.ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന നികുതി പൂർണ്ണമായും ഒടുക്കിയിട്ടില്ല.

| സ്ഥാപനം | അടയ്ക്കാത്ത അർദ്ധവർഷം | അടയ്ക്കേണ്ട തുക |
|---|---|---|

| | | |
|---|---|---|
| | അടച്ച തുക | |
| പറവൂർ സർവീസ് കോപ്പറേറ്റീവ് സൊസൈറ്റി | 2 | 1250 |
| New Oppertunity Consultancy (Pvt) Ltd. | 1 | 1250 |
| ഹെർകുലീസ് (നെക്സ്സ്) | 1 | 1250 |
| ആകെ | | 3750 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.6/21.01.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, കുറവ് വന്ന തുക (9220/-രൂപ) തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി നിർണയിച്ചതിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 ൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും വിശദമാക്കുന്നു. ടി ചട്ടത്തിലെ പട്ടിക-2 കെട്ടിടത്തിലേക്കുള്ള വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് അടിസ്ഥാന വസ്തുനികുതിയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുന്നു. 5 മീറ്ററോ അതിൽ കൂടുതലോ പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവും 1.5 മീറ്ററിൽ താഴെയുള്ള വഴി സൌകര്യമുള്ള കെട്ടിടങ്ങൾക്കും പൊതുവായ വഴി സൌകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്കും യഥാക്രമം 10, 20 ശതമാനം ഇളവുകളും നിർദ്ദേശിക്കുന്നുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്ററിൽ താഴെവരെ വഴിസൌകര്യത്തിന് ഇളവുകളോ വർദ്ധനവോ ഇല്ല.

എന്നാൽ, പരിശോധനയിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള വഴി സൌകര്യത്തിൽ നിന്നും വ്യത്യസ്തമായ രീതിയിൽ സഞ്ചയയിൽ വഴി സൌകര്യം രേഖപ്പെടുത്തുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം അഞ്ച് മീറ്ററിലധികം വിസ്തൃതിയുള്ള വഴി സൌകര്യം ഉണ്ടായിരുന്നിട്ടും അടിസ്ഥാന വസ്തുനികുതിയിൽ ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്താത്ത കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം /വിസ്തീർണ്ണം | അടിസ്ഥാന വസ്തു നികുതി | വഴി സൌകര്യ ത്തിന്റെ അടിസ്ഥാന ത്തിൽ വരുത്തേണ്ട വർദ്ധനവ് | പുതുക്കിയ വസ്തു നികുതി / ലൈബ്രറി സെസ്സ് | നിലവിലെ നികുതി/ ലൈബ്രറി സെസ്സ് | കുറവ് വന്ന നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) |
|---|---|---|---|---|---|---|---|---|
| 1 | VII/94 A, B | വിശ്വകുമാർ, ഗോകുലം, പറവൂർ | വാണിജ്യാ വശ്യം /67.3 എം$^2$ | 1683 | 337 | 2020/ 101 | 1683/85 | 353 |
| 2 | XV/249 A | സനൽ ജി ജി, ഗോപീ വിലാസം, വാടയ്ക്കൽ | പാർപ്പിടാ വശ്യം /274.47 എം$^2$ | 1921 | 384 | 2594/ 130 | 2210/111 | 403 |
| 3 | XVI/ 473 B | ഹരിഹരൻ സി എൻ & കൈലാസ് നാഥ് സി എച്ച്, ശ്രീശൈലം, പുന്നപ്ര.പി.ഒ | വാണിജ്യാ വശ്യം/199.5 എം$^2$ | 12569 | 2514 | 15083/ 755 | 12569/ 629 | 2640 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | VII/68 B | കൊച്ചുമണി, വളപ്പിൽ പുന്നപ്ര നോർത്ത് പി.ഒ. | വാണിജ്യാ വശ്യം /56.91എം$^2$ | 878 | 176 | 1054/53 | 878/44 | 185 |
| 5 | VII/68 C | “ | “ | 1064 | 213 | 1277/64 | 1118/54 | 223 |
| 6 | VII/68 D | “ | “ | 905 | 181 | 1086/55 | 905/46 | 192 |
| ആകെ | | | | | | | | 3996 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/24.01.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, വസ്തു നികുതി നിർണയത്തിൽ വരുത്തേണ്ട വർദ്ധനവ് വരുത്തി നികുതി പുന: നിർണയിച്ച് പുതുക്കിയ ഫാറം 6 ഉം നികുതി ഈടാക്കിയപ്പോൾ കുറവ് വന്ന തുക തിരികെ ഈടാക്കി ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. സഞ്ചയ അസെസ്സ്മെന്റ് രജിസ്റ്റർ പ്രകാരം , ക്രമ നം. 1 മുതൽ 4 വരെയുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ചിരിക്കുന്നത് ശ്രീ.സാഹിർ കെ.എ, സെക്രട്ടറിയുടെ കാലയളവിലും ക്രമ നം. 4, 5 എന്നീ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ചിരിക്കുന്നത് ശ്രീമതി നിഷ എൻ തയ്യിൽ, സെക്രട്ടറിയുടെ കാലയളവിലുമാണ്. ആയതിനാൽ തെറ്റായ അസ്സസ്സ്മെന്റ് വഴി പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം മേൽ പറയുന്ന സെക്രട്ടറിമാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബഡ്സ് സ്കൂളിന് കാണ നിർമ്മാണം-അപാകതകൾ-

പ്രൊജക്ട്.നം.S0141/22
അടങ്കൽ -1000000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റുള്ളവ)
ചെലവ് വിവരം – 540165/- രൂപ, ബിൽ നം. 16/21-22, Dt.10/03/22(ഒന്നാം പാർട്ട് ബിൽ)
കരാറുകാരൻ – വി.എസ്സ്.സാബു.
അളവു പുസ്തകം- 8/20-21
നിർവ്വഹണം –അസ്സി.എൻജിനീയർ

1.എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-

2021-22 വർഷം നടപ്പിലാക്കിയ ബഡ്സ് സ്കൂളിന് കാണ നിർമ്മാണം എന്ന നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സംരക്ഷണ ഭിത്തി നിർമ്മാണത്തിനും കാണ നിർമ്മാണത്തിനും എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 798.27/m$^3$ (സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 374.21/m$^3$ (MoRDസ്പെസിഫിക്കേഷൻ കോഡ്-3.5.1) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| അനുദിച്ച തുക | അനുവദനീയമായ തുക | അധികം നൽകിയ തുക |
|---|---|---|
| 18.811 M$^3$@798.27 = 15016/- | 18.811 M$^3$ @374.21/m$^3$ = 7039/- | 7977/- |

എൻക്വയറിക്ക് (2) ലഭ്യമാക്കിയ മറുപടിയിൽ ഓട നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് CE ഓഫീസിൽ നിന്നും അനുവദിച്ചു നൽകിയിട്ടുള്ള മോഡൽ എസ്റ്റിമേറ്റിലും അനുവദിച്ചിരിക്കുന്ന ഐറ്റം കോഡ് 11.1.1.1 ആണെന്നും, ഐറ്റം കോഡ് 3.5.1 ൽ ബാക്ക് ഫില്ലിംഗ് ചെയ്യുന്നതിനും, മണ്ണ് ഇടിഞ്ഞു പോകാതെ സംരക്ഷിക്കുന്നതിനും പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ലായെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ, 11.1.1.1 എന്ന ഇനത്തിൽ മെക്കാനിക്കൽ ആയി എക്സ്കവേഷൻ ചെയ്യുന്നതിനും, ബാക്ക് ഫില്ലിംഗ് ചെയ്യുന്നതിനും പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുള്ളതിനാലാണ് 11.1.1.1 എന്ന ഇനം ഉപയോഗിച്ചതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.എന്നാൽ അസ്സി.എൻജിനീയർ നിർവ്വഹണ

ഉദ്യോഗസ്ഥനായി ഇതേ വർഷം ഈ പ്രവർത്തി നിർവ്വഹിച്ചിട്ടുള്ള പഞ്ചായത്ത് കോമ്പൌണ്ടിൽ തന്നെ നിർവ്വഹിച്ചിട്ടുള്ള മറ്റൊരു ഡ്രെയിനേജ് വർക്കായ “ഡ്രെയിനേജ് വർക്ക് ഫോർ കമ്മ്യൂണിറ്റി ഹാൾ” എന്ന പ്രവർത്തിയിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകിയ നിരക്ക് 186.36/$m^3$ ആണ്.(സ്പെസിഫിക്കേഷൻ കോഡ് -2.6.1-Earth Work In Excavation By Mechanical Means......)ആയതിനാൽ തന്നെ ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ 7977/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

2.കാണ നിർമ്മാണം – കുഴിയെടുത്ത ഉയരത്തെക്കാൾ വളരെ കൂടിയ ഉയരത്തിൽ കാണയുടെ പാർശ്വഭിത്തി നിർമ്മിച്ചു –

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ്-1, ഇനം-1 ആയി കാണ നിർമ്മാണത്തിനായി 41.8 മീറ്റർ നീളത്തിലും 0.90cm. വീതിയിലും 0.50cm. ഉയരത്തിലും എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയിട്ടുണ്ട്. ഇതിന് മുകളിൽ ഇനം 3 ആയി 0.15 Cm.കനത്തിൽ 1:3:6 അനുപാതത്തിൽ ബെഡ് കോൺക്രീറ്റ് നടത്തിയിട്ടുണ്ട്. ബെഡ് കോൺക്രീറ്റിന് മുകളിൽ സാധാരണ ഗതിയിൽ, കാണയുടെ സൈഡ് വാളിന്റെ കനം ഒഴിവാക്കിയതിന് ശേഷമുള്ള ഉള്ളളവ് വീതിയിൽ 1:2:4 അനുപാതത്തിൽ വെയറിംഗ് കോട്ട് നൽകിയാൽ മതിയാകും. എന്നാൽ ഈ പ്രവർത്തിയിൽ 0.15 Cm. കനത്തിൽ ബെഡ് കോൺക്രീറ്റ് നടത്തിയതിന് മുകളിൽ വീണ്ടും ഇതേ നീളത്തിലും, വീതിയിലും 0.10 Cm.കനത്തിൽ 1:2.5:5 അനുപാതത്തിൽ വീണ്ടും കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. (പേജ്-5, ഇനം-6) തുടർന്ന്, ചുവടെ ചേർത്തിട്ടുള്ള അളവിൽ കാണയുടെ ഇരുവശവും സൈഡ് വാൾ നിർമ്മിച്ചിട്ടുണ്ട്.

Cross Side Wall – 2x7.25x0.20 X0.60 = 1.74$m^3$

Side Wall- 2x24.70x0.15 X0.60 = 4.446$m^3$

Side Wall- 2x9.85x0.20 X0.60 = 2.364$m^3$

ആകെ = 8.55$m^3$

കാണ നിർമ്മാണത്തിനായി 50 Cm ഉയരത്തിൽ മാത്രമാണ് എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയിരിക്കുന്നത്.ഇതിൽ 0.15 Cm. കനത്തിൽ 1:3:6 അനുപാതത്തിലുള്ള ബെഡ് കോൺക്രീറ്റിംഗും 0.10 Cm. കനത്തിൽ 1:2.5:5 അനുപാതത്തിലുള്ള കോൺക്രീറ്റിംഗിനും ശേഷം സൈഡ് ഭിത്തി നിർമ്മാണത്തിന് അവശേഷിക്കുന്ന കാണയുടെ ഉയരം 25cm. മാത്രമാണ്(50 Cm – 25cm). എന്നാൽ 6-ാം ഇനമായി M-15 ഗ്രേഡിലുള്ള സൈഡ് വാൾ കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത് 60 Cm.ഉയരത്തിൽ ആണ്.(പേജ് നം.6) കാണയുടെ ഉൾവശം ബെഡ് കോൺക്രീറ്റിംഗ് നടത്തിയതിന് ശേഷം പരമാവധി 25cm. ഉയരത്തിൽ മാത്രമെ സൈഡ് വാൾ കോൺക്രീറ്റിംഗ് സാധാരണ ഗതിയിൽ നിർവ്വഹിക്കാനാകൂ. താഴ്ന്ന പ്രദേശം എന്ന നിലയ്ക്ക് 30.75 മീറ്റർ നീളത്തിൽ 8-ാം ഇനമായി 0.15 Cm. കനത്തിൽ ക്വാറി മക്ക് ഫില്ലിംഗും, 9-ാം ഇനമായി 0.20 Cm. കനത്തിൽ ഗ്രാവൽ ഫില്ലിംഗും നടത്തിയിട്ടുണ്ട്. കൂടാതെ ഇതേ നീളത്തിൽ 60mm കനത്തിൽ ഇന്റർ ലോക്ക് ടൈലും വിരിച്ചിട്ടുണ്ട്. ടി പ്രവർത്തി മൂലം തറനിരപ്പ് 41 Cm (15+20+6) വരെ ഉയർന്നിട്ടുണ്ട് എന്നത് അംഗീകരിച്ചാലും ആയത് നിർവ്വഹിച്ചിട്ടുള്ളത് 30.75 മീറ്റർ നീളത്തിൽ മാത്രമാണ്.(പേജ് – 16,17,18)ബാക്കിയുള്ള 11.05 മീറ്റർ നീളത്തിൽ (41.8 -30.75) രണ്ട് തവണയായി നിർവ്വഹിച്ച ബെഡ് കോൺക്രീറ്റിഗിന് ശേഷം (10+15=25) സൈഡ് വാൾ നിർമ്മാണത്തിനായി അനുവദിക്കാവുന്ന പരമാവധി ഉയരം 25 Cm.മാത്രമാണ്. എന്നാൽ 41.8 മീറ്റർ നീളത്തിലും 60cm ഉയരത്തിൽ സൈഡ് വാൾ നിർമ്മാണം നടത്തിയതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയത് മൂലം അനുവദിക്കാവുന്ന അളവിന്റെയും, തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

അനുവദിക്കാവുന്ന അളവ്-

Cross Side Wall – 2x7.25x0.20 X0.60 = 1.74$m^3$

Side Wall- 2x23.50x0.15 X0.60 = 4.23$m^3$

Side Wall- 2x11.05x0.20 X0.25 = 1.105$m^3$

ആകെ –7.075$m^3$

അനുവദിക്കാവുന്ന തുക – 7.075$m^3$ X 8965.14/$m^3$ = 63428/- രൂപ

നൽകിയത് = 8.55$m^3$ X 8965.14/$m^3$ =76651/-രൂപ

അധികം നൽകിയ തുക – 76651 -63428 = 13223/-രൂപ

എൻക്വയറിക്ക് (2) ലഭ്യമാക്കിയ മറുപടിയിൽ ഓടയിൽ നിന്നും കുഴിച്ച മണ്ണ് ബാക്ക് ഫില്ലിംഗ് നടത്തിയതിന് ശേഷം ബാക്കിയുള്ളത് വശങ്ങളിൽ നിക്ഷേപിച്ച ശേഷമാണ് ഫില്ലിംഗും, ഇന്റർലോക്ക് വിരിക്കലും ചെയ്തതെന്നും,

ആയതുകൊണ്ടാണ് സൈഡ് വാളിന്റെ ഉയരത്തിൽ വ്യത്യാസം വന്നതെന്നമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരം ബാക്ക് ഫില്ലിംഗ് നടത്തിയതായോ, എത്ര ഉയരത്തിൽ ബാക്ക് ഫില്ലിംഗ് നടത്തിയെന്നോ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ 7977/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

3. ഗ്രാവൽ ഫില്ലിംഗിന് കൺസോളിഡേഷൻ കുറവ് ചെയ്തില്ല-

ഈ പ്രവർത്തിയിൽ ഇനം 9 ആയി പേജ് നം.23 ൽ 29.61$m^3$ ഉം, പേജ് നം.27 ൽ 63.54 $M^3$ ഉം ഗ്രാവൽ ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. ഇതിൽ 63.54 M3 അളവിൽ നിന്നും 10% കൺസോളിഡേഷൻ കുറവ് ചെയ്തതിന് ശേഷം 86.796 $M^3$ന്, (29.61$m^3$ + 57.186$m^3$) എം$^3$ ന് 1090.02 രൂപ നിരക്കിൽ 94609/-രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം മൂല്യം നിർണ്ണയിച്ച് നൽകിയപ്പോൾ 29.61$m^3$ അളവിൽ നിന്നും 10% കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. 29.61$m^3$ അളവിന്റെ 10% ആയ 2.96$m^3$ ന് എം$^3$ ന് 1090.02 രൂപ നിരക്കിൽ 3226/- രൂപ അധികം നൽകി.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (2) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുന്നതാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികം നൽകിയ 3226/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-2 MGNREGS - മെറ്റീരിയൽ ഉപയോഗിച്ചുള്ള കരാർ പ്രവർത്തികളിൽ നികുതികൾ കുറവ് ചെയ്തില്ല-

താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ ക്വാറിമക്കം,ഗ്രഡ് എർത്തും മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്സ്ടി കുറവ് ചെയ്തിട്ടില്ല .ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം , 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്.(ഇൻകം ടാക്സ് കമ്മീഷണറുടെ 13-05-20 ലെ നിർദ്ദേശപ്രകാരം 14-05-20 മുതൽ 31-05-21 വരെ വ്യക്തികളാണെങ്കിൽ 0.75% ഉം സ്ഥാപനങ്ങളാണെങ്കിൽ 1.5% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയാൽ മതി. ആയത് പിന്നീട് 31-03-22 വരെ നീട്ടി നൽകി) എന്നാൽ നെടുമുടി ഗ്രാമ പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശങ്ങൾ | കരാർ തുക. | ഈടാക്കേണ്ട ആദായ നികുതി (0.75%) | ഈടാക്കേണ്ട ജിഎസ്സ്ടി(2%) | FTO No./തീയതി |
|---|---|---|---|---|---|
| 1. | W-17 ൽ റോഡ് കോൺക്രീറ്റിംഗ് – (RC-335237) കരാറുകാരൻ -അശോക് കുമാർ.വി.സി MB-No-159/21-22 | 403728/- | Rs-3028/- | Rs-8074/- | 1)166102,dt.12-04-22 |
| 2. | W-15 ൽ കണ്ണങ്കാട് മാമ്മൂട് റോഡ് | 358382/- | Rs-2687/- | Rs-7167/- | 1)1647/14-06-22 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ് (RC-335692) കരാറുകാരൻ -വർഗ്ഗീസ് കുര്യൻ. MB-No-186/21-22 | | | | |
| 3. | W-15 ൽ മാമ്മൂട് റോഡ് നിർമ്മാണം - (RC-363272) കരാറുകാരൻ -വർഗ്ഗീസ് കുര്യൻ. MB-No-210/21-22 | 152511/- | Rs-1143/- | | 1)1618 Dt.15-06-22 Rs-152511/- |
| 4. | W-11 ൽ പൂന്തോട്ടം സ്കൂളിന് തെക്കുവശമുള്ള റോഡ് കോൺക്രീറ്റിംഗ് - (RC-335715) കരാറുകാരൻ -ഗിരീഷ് കുമാർ MB-No-80/21-22 | 248108/- | Rs-1861/- | | 1)166968 Dt.13-04-22 Rs-248108/- |
| 5. | W-9 ൽ കണ്ണാംകുരുടി വടക്കേ ബണ്ട് റോഡ് നിർമ്മാണം. (RC-336229) കരാറുകാരൻ -വിനോദ് മോൻ. MB-No-218/21-22 | 673405/- | Rs-5050/- | Rs-13468/- | 1)161150 Dt.12-07-22 Rs-673405/- |
| | ആകെ | | 13769/- | 28709/- | |

ടി കരാറുകാരിൽ നിന്നും നികുതികൾ സോഴ്സ് ഡിഡക്ഷൻ നടത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (8) മറുപടി ലഭ്യമാക്കിയിട്ടില്ല. ജിഎസ്സ്ടി, ഐടി എന്നീ ഇനങ്ങളിൽ ബില്ലിൽ നിന്നും കുറവ് ചെയ്യാതിരുന്ന 42478/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറി, അസ്സി.സെക്രട്ടറി, അക്രെഡിറ്റഡ് എൻജിനീയർ എന്നിവരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-3 കുടുംബാരോഗ്യകേന്ദ്രം,അനുബന്ധചെലവുകൾ - അപാകതകൾ

2021-22 സാമ്പത്തികവർഷം മെയിന്റനൻസ്ഗ്രാന്റ് (നോൺ റോഡിൽ) നിന്നും 500000/-രൂപ വകയിരുത്തി മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് കുടുംബാരോഗ്യകേന്ദ്രം, അനുബന്ധ ചെലവുകൾ (പ്രോജക്ട് നം S0017/22).

ചെലവിന്റെ വിവരം താഴെ കൊടുക്കുന്നു.

1) ബിൽ നം.8/21-22/18.07.21 തുക.18245/-

2) ബിൽ നം.9/21-22/20.07.21 തുക. 7649/-

3) ബിൽ നം.14/21-22/31.08.21 തുക. 58402/-

4) ബിൽ നം.15/21-22/31.08.21 തുക. 6224/-

5) ബിൽ നം.17/21-22/31.08.21 തുക.2600/-

6) ബിൽ നം.25/21-22/27.11.21 തുക.42846/-

7) ബിൽ നം.27/21-22/11.01.22 തുക.13650/-

8) ബിൽ നം 31/21-22/22.01.22 തുക.30406/-

9) ബിൽ നം.33/21-22/08.03.22 തുക.19349/-

10) ബിൽ നം.34/21-22/08.03.22 തുക.13079/-

11) ബിൽ നം.41/21-22/28.03.22 തുക.3900/-

12) ബിൽ നം.5/21-22/23.06.21 തുക.36828/-

അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്രമ നം 12 പ്രകാരമുള്ള 36828/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) ക്രമ നം 1 പ്രകാരമുള്ള 18245/-രൂപയുടെ ചെലവിൽ, 1300/-രൂപ IMAGE ന് നൽകി. എന്നാൽ 650/-രൂപയുടെ IMAGE ന്റെ ബില്ല് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ ബില്ലിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നം | ബിൽ തീയതി | തുക |
|---|---|---|---|
| 1 | OC/21-22/Apr/86934 | 01.05.21 | 650/- |

3) ക്രമ നം 5 പ്രകാരമുള്ള 2600/-രൂപ IMAGE ന് നൽകി. ഹാജരാക്കിയ ബില്ലിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നം | ബിൽ തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | OC/21-22 /Apr/86934 | 01.05.21 | 650/- | ക്രമ നം 1 പ്രകാരമുള്ള 18245/-രൂപയുടെ ചെലവിൽ, 1300/-രൂപ IMAGE ന് നൽകിയതിനും ഇത് തന്നെ ഹാജരാക്കി |
| 2 | OC/21-22 /Mar/850965 | 01.04.21 | 650/- | - |
| 3 | OC/21-22 /May/877039 | 01.06.21 | 650/- | - |
| 4 | OC/21-22 /Jun/890608 | 01.07.21 | 650/- | - |

മേൽ പട്ടിക ക്രമ നം.1 പ്രകാരം 650/- രൂപ ആവർത്തിച്ച് നൽകി.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12 തീയതി. 23.01.23) മറുപടി ലഭ്യമാക്കിയില്ല.
ക്രമ നം.3 പ്രകാരം ആവർത്തിച്ച് നൽകിയ 650/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയത് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-4 പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ – പത്ര പരസ്യം- ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര

പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിക്കണം. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ 2021-22 സാമ്പത്തിക വർഷം, വികസനഫണ്ടിൽ നിന്നും 100338/-രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ എന്ന പ്രോജക്ടിൽ (പ്രോജക്ട് നം.S0002/22) നിന്നും മാതൃഭൂമി ദിനപ്പത്രത്തിന് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ മാതൃഭൂമി പരസ്യ ചാർജിനത്തിൽ ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽനം/തീയതി | ബിൽ തുക(SGST,CGST ഒഴികെ) | അർഹമായ ഡിസ്കൗണ്ട് (15%) | ബിൽ നം/ തീയതി |
|---|---|---|---|---|
| മാതൃഭൂമി | 321000044943/ 11.09.21 | 11000 | 1650 | ബിൽ നം.20/ 21-22/23.10.21 |
| | 321000032241/ 05.08.21 | 11000 | 1650 | |
| | 321000047995/ 18.09.21 | 11000 | 1650 | |
| ആകെ | | | 4950/-രൂപ | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം 4950/-രൂപയുടെ അധികചെലവ് ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/24.01.23) മറുപടി ലഭ്യമാക്കിയില്ല. 4950/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 300000 | അനുപൂരക പോഷകാഹാര പദ്ധതി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 1260000 | ലൈഫ് ജനറൽ | 1260000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അനുപൂരക പോഷകാഹാര പദ്ധതി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | | 100000 | പാലിന് സബ്സിഡി | 100000 | 0 |
| | | 262900 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 262900 | 0 |
| | | 2670052 | ലൈഫ് ജനറൽ | 2670052 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നമ്പർ/ ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | പഞ്ചായത്ത് ഓഫീസിന് ബോർവെൽ | 22100459/ 14.02.2022 | 598000 | 549785 | 48215 |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റിയിടൽ | 22100722/ 31.03.2022 | 165235 | 165235 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | ജി.ഒ.(ആർ.ടി)3367/2021 /ഫിൻ തീയതി.07.04.2021 | | 17732000 | 58667 | | |
| ലൈഫ് ഭവനപദ്ധതി | ജി.ഒ.(ആർ.ടി)5206/2021 /ഫിൻ തീയതി.30.07.2021 | | | 806667 | | |
| ലൈഫ് ഭവനപദ്ധതി | ജി.ഒ.(ആർ.ടി)5206/2021 /ഫിൻ തീയതി.30.07.2021 | | | 850666 | | |
| ആകെ | | | 17732000 | 1716000 | | 16016000 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 11994472 |
| തൻവർഷം നിക്ഷേപിച്ച തുക | 651062(പലിശ) |
| ആകെ | 12645534 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 12645534 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | എസ്.ബി.ഐ,പുന്നപ്ര | 30.05.21 | ഒരു വർഷം | 953084 | |
| 2 | കാനറ ബാങ്ക്,,പുന്നപ്ര | 29.05.21 | ഒരു വർഷം | 11692450 | |
| ആകെ | | | | 12645534 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2019-20 | 1-27 | 2020-21 | പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ-സ്റ്റോക്ക്, വിതരണ രേഖകൾ ലഭ്യമല്ല | ഒഴിവാക്കിയിട്ടില്ല.മെഡിക്കൽ ഓഫീസർ നൽകിയ മറുപടി 16.01.23ൽ അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചു |
| 2019-20 | 1-28 | 2020-21 | പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | ഒഴിവാക്കിയിട്ടില്ല.മെഡിക്കൽ ഓഫീസർ നൽകിയ മറുപടി 16.01.23ൽ അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചു |
| 2019-20 | 1-28(1) | 2020-21 | പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി KMSCL ന് തുക നൽകിയെങ്കിലും സാമഗ്രികളുടെ സ്റ്റോക്ക് വിവരം ഹാജരാക്കിയിട്ടില്ല. | ഒഴിവാക്കിയിട്ടില്ല.മെഡിക്കൽ ഓഫീസർ നൽകിയ മറുപടി 16.01.23ൽ അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചു |
| 2019-20 | 1-28(2) | 2020-21 | പാലിയേറ്റീവ് പരിചരണ പദ്ധതി-വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു | ഒഴിവാക്കിയിട്ടില്ല.മെഡിക്കൽ ഓഫീസർ നൽകിയ മറുപടി 16.01.23ൽ അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചു |
| 2019-20 | 1-28(3) | 2020-21 | ആവശ്യകത നിർണ്ണയിക്കാതെ ഇലക്ട്രിക് വീൽചെയർ വാങ്ങൽ | ഒഴിവാക്കിയിട്ടില്ല.മെഡിക്കൽ ഓഫീസർ നൽകിയ മറുപടി 16.01.23ൽ അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചു |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 90997498/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90285071/- |
| വരവിനങ്ങളിലുള്ള നഷ്ടം | 13216/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30026/- |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 566244/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 9220/- | | 1)ശ്രീമതി.നിഷ.എൻ.തയ്യിൽ,സെക്രട്ടറി-3950/-<br>2)ശ്രീ. സാഹിർ.കെ.എ, സെക്രട്ടറി.-5270/- |
| 2-2 | 3996/- | | 1)ശ്രീ.ജെനി മോൻ എസ്, സെക്രട്ടറി-600/-<br>2)ശ്രീ. സാഹിർ.കെ.എ, സെക്രട്ടറി.-3396/- |
| 3-1 | | 24426/- | ശ്രീമതി.ഷീജ.എൻ,<br>അസ്സി. എഞ്ചിനീയർ |
| 3-3 | | 650/- | ഡോ. രതീഷ് ആർ,<br>മെഡിക്കൽ ഓഫീസർ, |
| 3-4 | | 4950/- | ശ്രീ. സാഹിർ.കെ.എ, സെക്രട്ടറി |
| ആകെ | 13216/- | 30026/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 48215/- | ശ്രീമതി.ഷീജ.എൻ, അസ്സി.എൻജിനീയർ. |
| 1-20 | 119391/- | ശ്രീ. സാഹിർ.കെ.എ, സെക്രട്ടറി |
| 1-21 | 40000/- | ശ്രീ.അഭിലാഷ്, വി.ഇ.ഒ |
| 1-22 | 80812/- | ശ്രീമതി.നിഷ.എൻ.തയ്യിൽ,സെക്രട്ടറി |
| 1-23 | 37478/- | ഡോ. രതീഷ് ആർ, മെഡിക്കൽ ഓഫീസർ, FHC |
| 1-24 | 20200/- | ഡോ. രതീഷ് ആർ, മെഡിക്കൽ ഓഫീസർ, FHC |
| 1-25 | 220148/- | ഡോ. രതീഷ് ആർ, മെഡിക്കൽ ഓഫീസർ, FHC |
| ആകെ | 566244/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | സർക്കാർ/മറ്റ് സ്ഥാപനങ്ങൾ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-17 | 42478/- | (IT,GST) | 1. ശ്രീ. സാഹിർ.കെ.എ, സെക്രട്ടറി.<br>2. ശ്രീ.ശബരി കൃഷ്ണൻ, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്<br>3. ശ്രീ.ഗോപിനാഥൻ.ആർ, അസ്സി.സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീ. സാഹിർ.കെ.എ, സെക്രട്ടറി | സെക്രട്ടറി, പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത്. | കണിയാം പറമ്പിൽ, വണ്ടാനം.പി.ഒ, ആലപ്പുഴ |
| ശ്രീമതി. ഷീജ.എൻ. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്. | കാരാത്ര, തോട്ടപ്പള്ളി, തോട്ടപ്പള്ളി.പി.ഒ, ആലപ്പുഴ. |
| ശ്രീ.ശബരി കൃഷ്ണൻ അക്രഡിറ്റഡ് എഞ്ചിനീയർ | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് | കിളിയാട്ട് ഹൌസ്, പുന്നപ്ര വടക്ക് പി.ഒ. ആലപ്പുഴ |
| ഡോ. രതീഷ് ആർ, മെഡിക്കൽ ഓഫീസർ, FHC | സീനിയർ റെസിഡന്റ്, (ഓർത്തോ), മെഡിക്കൽ കോളേജ്, തിരുവനന്തപുരം. | ഇല്ലത്ത് ഹൌസ്, പല്ലന.പി.ഒ, തൃക്കുന്നപ്പുഴ, ആലപ്പുഴ |
| ശ്രീ. ജെനിമോൻ, സെക്രട്ടറി | സെക്രട്ടറി, രാമങ്കരി ഗ്രാമ പഞ്ചായത്ത് | സൌപർണ്ണിക പൂന്തോപ്പ് , അവലൂക്കുന്ന് പി ഒ ആലപ്പുഴ |
| ശ്രീ.ഗോപിനാഥൻ.ആർ, അസ്സി.സെക്രട്ടറി | അസ്സി.സെക്രട്ടറി, പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത് | മധുരിമ, പുന്നപ്ര വടക്ക്.പി.ഒ, ആലപ്പുഴ. |
| ശ്രീ.അഭിലാഷ് | വി.ഇ.ഒ, നെടുമുടി ഗ്രാമ പഞ്ചായത്ത് | ജ്യോതിഷ് ഭവൻ, തത്തംപള്ളി പി.ഒ, ആലപ്പുഴ |
| ശ്രീമതി.നിഷ.എൻ.തയ്യിൽ, സെക്രട്ടറി | സെക്രട്ടറി, ചോറോട് ഗ്രാമ പഞ്ചായത്ത് കോഴിക്കോട് കോഴിക്കോട് | ഇന്ദുഭം, വെട്ടുവേണി ഹരിപ്പാട് പി ഒ ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 2002-03 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2003-04 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2004-05 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2005-06 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2006-07 | എൽ.എഫ്.എ9/1287/2008, 17.07.2009/11.09.2009 |
| 2007-08 | എൽ.എഫ്.എ9/1288/2009, 17.04.2010/17.06.2011 |
| 2008-09 | എൽ.എഫ്.പി4/1307/2010, 27.04.2011/30.04.2011 |
| 2009-10 | എൽ.എഫ്.പി4/ 1308/2010, 27.04.2011/30.04.2011 |
| 2010-11 | എൽ.എഫ്.പി 8 /231/2012, 09.08.2012/ 22.09.2012 |
| 2011-12,2012-13 | എൽ.എഫ്.പി 8/995/2013, 17.02.14/09.04.14 |
| 2013-14 | എൽ.എഫ്.പി8/1509/2014, 21.10.14/06.01.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി8-850/16, 1/8/2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി8 40/17, 19/1/17 – 2/2/17 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി8-1174/17, തീയതി – 19.09.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി8-311/19, തീയതി – 16.05.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി8-237/2020 തീയതി : 09.06.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി8- 341/2021/8.04.21 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി8- 611/2022/03.07.22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്